KOTTAYAM PUBLIC LIBRARY

Call No. M08 Acc.No. 6065

Author [illegible]

ടി. [illegible]

Title ദ. ചന്ദ്രശേഖരൻ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1459

# ഒ. ചന്തു മേനോൻ

ഗ്രന്ഥകർത്താ:

ടി. എസ്സ്. അനന്തസുബ്രഹ്മണ്യം

THE KOTTAYAM PUBLIC LIB
KOTTAYAM
TRAVANCORE

*Publishers:*

**THE EDUCATIONAL SUPPLIES DEPOT,**

**PALGHAT.**

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

Rights Reserved] 1951 [Price 0—8—0

FIRST EDITION 1951.

M08

PRINTED AT
THE E. S. D. PRINTING HOUSE,
PALGHAT.

No: 6065



AUTHOR :

T. S. Ananthasubrahmanyam.

# അവതാരിക

മലയാളത്തിലെ ഏതെങ്കിലും ഒരു പുസ്തകം മാത്രം കൈയ്യിലെടുക്കാമെന്ന ഒരുത്തരവോടുകൂടി ഏകാന്തവാസത്തിന്നു കുറെനാൾ എന്നെ എവിടെയെങ്കിലും അയച്ചാൽ ഞാൻ ഒട്ടും ആലോചിക്കാതെ ആവശ്യപ്പെടുന്നതു് "കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല"യാണു്. അത്രമാത്രം ആ ഗ്രന്ഥത്തിലെ പ്രതിപാദ്യവും പ്രതിപാദനവും സമൎത്ഥകമായിട്ടുണ്ടു്. ഈ അഭിപ്രായത്തോടു ആരും വിയോജിക്കുമെന്നും തോന്നുന്നില്ല. ഞാനിപ്പോൾ സന്തോഷപൂൎവ്വം അവതരിപ്പിക്കുന്ന ഈ കൊച്ചുപുസ്തകം ഐതിഹ്യമാലയുടെ കനിഷ്ഠസ്ഥാനത്തിന്നു് അർഹമാണെന്നു പറയുമ്പോൾ ഇതിന്റെ മാഹാത്മ്യത്തെപ്പററി മറെറാന്നും എടുത്തെഴുതേണമെന്നില്ലല്ലോ?

ഒ. ചന്തുമേനോനെപ്പററി ഒരു ജീവചരിത്രം മലയാളത്തിലുണ്ടായിട്ടുണ്ടു്. ഇന്ദുലേഖയും ശാരദയും വായിച്ചിട്ടുള്ള ഒരാൾക്കു് ആ പുസ്തകം കൂടുതൽ എന്തെങ്കിലും ചന്തുമേനവന്റെ വ്യക്തിമാഹാത്മ്യത്തെപ്പററി അറിവുകൊടുക്കുമോ എന്ന സംശയമാണു്. ശ്രീ അനന്തസുബ്രഹ്മണ്യത്തിന്റെ ഗവേഷണഫലമായ ഈ സ്മരണകളാവട്ടെ ആ മഹാപുരുഷന്റെ അത്യന്ത വിസ്മാപകങ്ങളും അത്രമാത്രം ഹൃദ്യങ്ങളുമായ പല വിചിത്ര സ്വഭാവങ്ങളേയും വളരെ തന്മയത്വത്തോടുകൂടി വെളിപ്പെടുത്തുന്നുണ്ടു്. ഇതു വായിച്ചുകഴിഞ്ഞപ്പോൾ എനിക്കു് ഒരുവലിയ നിരാശയാണുണ്ടായതു്. കഷ്ടം, ഇത്ര ചെറുതായിപ്പോയല്ലോ ഈ സമാഹാരം! കൂടുതൽ അന്വേഷിച്ചറിഞ്ഞു ഇതുപോലുള്ള മററുപല ജീവിതസംഭവങ്ങൾക്കും ഇതിൽ സ്ഥാനംകൊടുത്തിരുന്നെങ്കിൽ എന്നു!......... പക്ഷേ ഒരാശ്വാസമുണ്ടു്. ഗ്രന്ഥകാരൻ സമഗ്രമായ ഒരു ജീവിതകഥ എഴുതാനല്ലല്ലോ തൂലികയെടുത്തതു്.

ചന്തുമേനോൻ ഒരു പുരാണപുരുഷനല്ല. ഈ അടുത്ത കാലത്തു ജീവിച്ചിരുന്ന ഒരു വ്യക്തിയാണ്. എന്നിട്ടും അദ്ദേഹത്തെപ്പററി നമുക്കുള്ള അറിവ് എത്ര തുച്ഛം! ശ്രീഅനന്തസുബ്രഹ്മണ്യത്തെപ്പോലെയുള്ള സാഹിത്യരസികന്മാർ ഗവേഷണ കൌതുകം മുൻനിൎത്തി ഏതാദൃശപരിപാടികളിൽ ഏർപ്പെട്ടുവെങ്കിൽ ഭാഷക്കും സാഹിത്യത്തിന്നും അതൊരു മഹാനുഗ്രഹമായിരിക്കും.

വായിക്കാൻ കൊള്ളാവുന്ന നല്ല ഭാഷയിൽ വായിക്കാൻ രസമുള്ളതും വായിച്ചറിയേണ്ടതുമായ ഈ സ്മരണകൾ പകൎന്നു തന്ന ആ സഹൃദയനെ നമോവാകം ചെയ്തു ഞാൻ എന്റെ സൽകൃത്യം അനുഷ്ഠിച്ചതായി അഭിമാനിക്കട്ടെ.

| | |
|---|---|
| മദിരാശി<br>സൎവ്വകലാശാല<br>3—12—'50 | **എസ്സ്. കെ. നായർ,**<br>മലയാളം പ്രൊഫസർ. |

# റാവുബഹദൂർ ഒ. ചന്തുമേനോൻ

പരേതനായ മൂർക്കോത്ത കുമാരൻ ഒയ്യാരത്തു ചന്തു മേനോൻെറ ഒരു ജീവചരിത്രം എഴുതിയതു് കാണുവാൻ എനിക്കിയ്യിടെ സംഗതിയായി. എന്നാൽ അദ്ദേഹത്തിൻെറ ഫലിതങ്ങളിൽ വളരെ കുറച്ചുമാത്രമെ അതിൽ രേഖപ്പെടുത്തി കണ്ടുള്ളൂ. ആ മഹാനെ സംബന്ധിച്ചു പലെ കേന്ദ്രങ്ങളിൽ നിന്നും അറിവാൻ ഇടവന്നിട്ടുള്ള രസകരങ്ങളായ കഥകൾ രേഖപ്പെടുത്തേണ്ടതു ആവശ്യമാണെന്നു തോന്നുകയാൽ അതിന്നായി പരിശ്രമിക്കുന്നു.

ചന്തുമേനൊൻ തെക്കെ മലയാളത്തിൽ പരപ്പനങ്ങാടി, മഞ്ചേരി, ഒററപ്പാലം, പാലക്കാട് എന്നീ സ്ഥലങ്ങളിൽ മുൻസീപ്പായും കോഴിക്കോട്ടു സബ്ബ്ജഡ്ജിയായും ഇരുന്നിട്ടുള്ളതായി അദ്ദേഹത്തിൻെറ ചരിത്രത്തിൽ നിന്നു വിശദമാവുന്നു. പരപ്പനങ്ങാടിയിൽ ഇരിക്കുന്ന കാലത്താണ് 'ഇന്ദുലേഖ' എഴുതിയതു്. അതിലെ ഒരു പ്രധാനപാത്രമായ പഞ്ചുമേനോൻ തൻെറ പ്രസംഗമദ്ധ്യെ ഒരു ചെരുപ്പിൻെറ കഥ ഗോവിന്ദപ്പണിക്കരോടു പറയുന്നതു് വായനക്കാർ ഓക്കുന്നുണ്ടായിരിക്കാം. ആ കഥക്കു പിന്നിൽ ഒരു യഥാർത്ഥസംഭവം കൂടി ഉണ്ടു്.

**പട്ടരുടെ ചെരിപ്പു്.**

ശ്രീനിവാസപട്ടർ എന്നു പേരായി പരപ്പനങ്ങാടിയിൽ ഒരു പഴയ വക്കീൽ ഉണ്ടായിരുന്നു. 1906-ാ മതു കൊല്ലത്തിൽ ഞാൻ പരപ്പനങ്ങാടിയിൽ ജോലിചെയ്യുമ്പോൾ ഞങ്ങൾ തമ്മിൽ പരിചിതരായി. സംഗതിവശാൽ അദ്ദേഹം തൻെറ അനുഭവം പറകയുണ്ടായി.

ഒരിക്കൽ ശ്രീനിവാസപട്ടർ കോഴിക്കോട്ടെക്ക പോയി മടങ്ങിവരുമ്പോൾ പുതിയതരം ഒരു ജോഡി ചെരുപ്പ വാങ്ങി കാലിൽ ഇട്ടുകൊണ്ടാണ തീവണ്ടി ഇറങ്ങിനടന്ന വന്നിരുന്നതു്.: മുൻസീഫ് ചന്തുമേനൊൻ താമസിക്കുന്ന പടിക്കൽക്കൂടി വേണം അദ്ദേഹത്തിന്നുകടന്നുപോകുവാൻ. പൂമുഖത്തിൻെറ പുറത്തുള്ള പൂങ്കാവനത്തിൽ ഒരു ചാരു കസേരയിൽ ഇരുന്ന വിശ്രമിക്കുന്ന നമ്മുടെ ചന്തുമേനൊൻ. ശ്രീനിവാസ പട്ടൎക്ക അന്ന ചെറുപ്പമാണു്. പ്രാക്ടീസ്സ തുടങ്ങുന്നതേയുള്ളു. മുൻസീഫ്മാരുടെ സേവ കൂടാതെ കഴിയാത്തകാലം. പ്രത്യേകിച്ചും വല്ല കമ്മീഷൻ കല്പന കിട്ടണമെങ്കിൽ ഇവരുടെ സേവ ഒഴിച്ചു കൂടാവുന്നതുമല്ല എന്നുള്ളനില! അതുകൊണ്ടു വേണം ചിലവും കഴിഞ്ഞുകൂട്ടുവാൻ. പോരെങ്കിൽ മേലധികാരികളുടെ മുമ്പിലും കാരണവന്മാരുടെ സന്നിധിയിലും ചെരിപ്പും പാപ്പാസ്സും ഇട്ടുനടക്കുന്നതു് ഗുരുത്വക്കേടാണെന്ന വിചാരിച്ചുവന്നിരുന്നകാലം. അതിനാൽ മുൻസീഫിൻെറ പടിക്കൽക്കൂടി 'കരകര' എന്ന കരയുന്ന ചെരിപ്പിട്ടു കൊണ്ടുപോകുന്നതു അദ്ദേഹത്തിൻെറ അഭിപ്രായത്തിന്ന വിപരീതമായി വന്നേക്കുമോ എന്നുള്ള ഭീതിനിമിത്തം ചെരുപ്പുരണ്ടും കടലാസ്സിൽ പൊതിഞ്ഞെടുത്തു, മെല്ലെ, മൂപ്പരുടെ പടിക്കൽക്കൂടി പാളിപ്പതിഞ്ഞു പോകുവാൻ പുറപ്പെട്ടു ശ്രീനിവാസപട്ടര്. മേനൊൻ ഉണ്ടോ അത്ര വേഗം വിടുന്നു. "എന്താ സാമീ! പലഹാരം. ഇവിടെ കൊണ്ടരു "എന്നായി മുൻസീപ്പു്. അയ്യൎക്ക് കാൽ മുന്നോട്ടു നീങ്ങാതെയുമായി. കുചേലബ്രാഹ്മണൻ അവിൽ

പൊതി എന്നപോലെ അയ്യർ ചെരുപ്പുപൊതി മെല്ലെ കക്ഷത്തിൽ തിരുകി രണ്ടാം മുണ്ടു അരയിൽകെട്ടി, ഇഴഞ്ഞിഴഞ്ഞു ഗേററിൻെറ ഉമ്മറിലേക്ക കടന്നുചെന്നു. ഉടനെ മേനോൻ:—

അലമലം ബഹുവാചാ—ഫലമെന്തു ക്ഷുധയാലെ
വലയുന്ന തവബാഹു—മൂലാന്തകാണുന്നുകിം?
വ്രീളാംശം തവവേണ്ടാ—പലരും ബുഭുക്ഷുവെന്നു
നലമോടു പറയുന്നു—ഛലമല്ല സഖേ എന്നെ

എന്നു പോലെ നടിച്ചു "മഹീസുരാൽ ചെരുപ്പുഭാണ്ഡത്തെ ഗ്രഹിച്ചുബലാൽ". അപ്പൊഴാണ് കള്ളി പുറത്തായതു്. കാലിൽ ഇടുന്ന ചെരുപ്പ് കക്ഷത്തിൽ. "അയ്യോടാ! ഇതു കാലിൽ ഇട്ടു നടക്കുന്ന സാധനമല്ലയോ. നടക്കു, കാലിൽ ഇട്ടുംകൊണ്ടു്, നാലഞ്ചു പ്രാവശ്യം ഞാൻ കാണേ അങ്ങോട്ടും ഇങ്ങോട്ടും' എന്നുത്തരവായി. കല്പന അനുസരിക്കാതെ കഴികയില്ലല്ലോ. 'ശരി, ഇപ്പൊ പൊയ്യ്ക്കോളൂ. മേലാൽ ഇങ്ങനെ ചെയ്യരുതു' എന്നൊരു താക്കീതും. ഈ സംഭവമാണു ഇന്ദുലേഖയിൽ ചെരുപ്പിൻെറ കഥയായി രൂപാന്തരപ്പെട്ടതു്.

## 2. എക്സാമിനരുടെ കേസ്സ്.

ഒരു കേസ്സുവിചാരണക്കു വന്നപ്പോൾ ആയതു യാതൊരു സംഗതിവശാലും മേലാൽ നീട്ടിവെക്കുന്നതല്ല എന്നും കമ്മീഷൻ കണക്കു ഫയലായി കഴിഞ്ഞു എന്നും പകർപ്പാവശ്യമുള്ളവർ ഉടനെ അപേക്ഷിച്ചു കൊള്ളേണമെന്നും കോടതി കല്പിച്ചു. അന്യായ ഭാഗത്തുനിന്നു പകർ

പ്പിന്നുള്ള അപേക്ഷ അന്നുതന്നെ കൊടുത്തു. പ്രതി ഭാഗം അപേക്ഷചെയ്തതു് വിചാരണക്ക രണ്ടു ദിവസം മുമ്പുമാത്രമായിരുന്നു. അടിയന്തരമായി പകർപ്പുകൊടുപ്പാനുള്ള മറുപടി രണ്ടപേക്ഷക്കും ഇല്ലായിരുന്നു. പ്രതി ഭാഗത്തേക്കുള്ള പകർപ്പു് പിറെറ ദിവസം തന്നെ തെയ്യാറായി. അന്യായഭാഗത്തേക്ക കടലാസ്സുതന്നെ പരസ്യം ചെയ്തിട്ടുമില്ല. കേസ്സ വിചാരണക്കവന്നു. പകർപ്പിന്നുള്ള കടലാസ്സ ഇനിയും പരസ്യമാവാത്തതു കൊണ്ടു കേസ്സ നീട്ടിക്കിട്ടണമെന്നു് അന്യായഭാഗത്തുനിന്നു അപേക്ഷിച്ചു. അന്യായഭാഗം ഉപേക്ഷക്കു് തങ്ങൾ ഉത്തരവാദിയല്ലെന്നും കേസ്സ നീട്ടിവെക്കേണ്ട ആവശ്യമില്ലെന്നും തങ്ങൾക്കുള്ള പകർപ്പു് കിട്ടിക്കഴിഞ്ഞിരിക്കുന്നു എന്നും അഥവാ നീട്ടി വെയ്ക്കയാണെങ്കിൽ അന്നെ ദിവസം സാക്ഷിച്ചിലവിന്നായും വക്കീൽഫീസ്സിന്നായും ഉള്ള പ്രതിഫലം അന്യായ ഭാഗത്തുനിന്നു തരുവിക്കേണമെന്നും പ്രതിവക്കീൽ ബലമായിവാദിച്ചു. അപ്പോൾ ഈ വീഴ്ചക്കുത്തരവാദി ആരെന്നായി ന്യായാധിപതി. ആപ്പീസ്സിലെ തകരാറാണെന്നു പ്രത്യക്ഷമായല്ലൊ. എക്സാമിനർ എന്നൊരു ഉദ്യോഗസ്ഥനാണു് ഇതിന്നു കുററവാളി എന്നു തെളിഞ്ഞു. ഈ ആക്ഷേപം ബാറിൽ വന്നപ്പോൾതന്നെ മൂപ്പർ തന്നെ പിടികൂടുമെന്നും സമാധാനം എന്താണു പറയേണ്ടതെന്നും എക്സാമിനർ ആലൊചന തുടങ്ങിയിരിക്കുന്നു. എക്സാമിനർ ബെഞ്ചിലേക്കുവരുവാൻ മൂപ്പർ കല്പിച്ചു. അദ്ദേഹം മെല്ലെ, മെല്ലെ, പതുങ്ങിക്കൊണ്ടു്, കുറെശ്ശ മുഖം കാണിച്ചുതുടങ്ങി. ന്യായാധിപതി കണ്ണുകൊണ്ടു അദ്ദേഹത്തെ

അരങ്ങത്തേക്ക വരുവാൻ ആജ്ഞാപിച്ചു. പ്ലാററുഫാറത്തിൽ കയറി മുൻസീഫിൻെറ അടുക്കൽ ചെന്ന ഓച്ഛാനിച്ചു നിന്നു. എക്സാമിനർ ഒരു പാലക്കാടൻ അയ്യരാണ്. എലപ്പുള്ളി ഗ്രാമക്കാരനാണു്.

മുൻസീഫ്:—(മെല്ലെ) എന്നാ, സമാചാരം കേട്ടയാ. ഒന്നു കേട്ടവനക്ക കോപ്പികൊടുത്താച്ചൂം. പത്തുനാം മുന്നാലെ കേട്ടവനുക്ക കളലാസ്സെ പരസ്യമാഫലയാം.

എക്സാമിനർ:—അപ്പിടി വന്തുപോച്ചു. മന്നിക്കണം.

മുൻസീഫ്:—പ്രതിഭാഗത്തിലേന്തു ഏതാവതു കിടച്ചിരുക്കം അല്ലവാ.

എക്സാമിനർ:—നാങ്കളെല്ലാം ഏഴകൾ, എജമാനക്കു തെരിന്തവിഷയംതാനെ.

മുൻസീഫ്:—(ചിരിച്ചുംകൊണ്ടു്) ശരി. പോം.

ഇവരുടെ സംഭാഷണം ആരുകണ്ണുങ്ങൾ അറിയാത്ത വിധത്തിലായിരുന്നു. എക്സാമിനർ തൊഴുതുപോയശേഷം മുൻസീഫ് അവർകൾ ബാറിനെ നോക്കി ഒന്നു മന്ദഹസിച്ചു. എന്നിട്ടു ചുരുക്കത്തിൽ ഒരു പ്രസംഗം "അയ്യരുടെ സാമത്ഥ്യം കണ്ടുവൊ. തൻെറ പേരിൽ തെറെറാന്നുമില്ലെങ്കിൽ പ്ലാററുഫാറത്തിൽ തൻെറ റജിസ്ത്രപുസ്തകങ്ങളോട്ടുകൂടി സധൈര്യം തുടൻവന്നു തൻെറ ഡിപാർട്ടുമെണ്ടിൽ യാതൊരു വീഴ്ചയുമില്ലെന്നു ചഞ്ചലം കൂടാതെ പറയുമായിരുന്നു. തൻെറ പേരിലാണു് കുററം എന്നു വന്നപ്പോഴുള്ള അടവു കണ്ടുവോ. മെല്ലെ പൂച്ചപോലെ

പരുങ്ങിവന്നു കററം സമ്മതിച്ചുപോയത്രേ. ആ തമിഴിലുള്ള സംസാരത്തിൽ ഞാൻ മയങ്ങിപ്പോയി! കേസ്സ് നീട്ടിവെക്കുകയുംചെയ്തു.

൩. കാക്കുണ്ണിയുടെ കളി.

ചന്തുമേനോൻ പാലക്കാട്ടു ഇരുന്ന കാലത്തെ ചില കഥകൾ ഇനി പറയാം. എടത്തറ നായരെന്നു പ്രസിദ്ധപ്പെട്ട ഒരു തറവാട്ടിലെ കാരണവരാണു് കാക്കുണ്ണി മൂപ്പിൽ നായര്. ഒരു മാതിരി സുഖമായി കഴിഞ്ഞു കൂടാനുള്ള മുതലുമുണ്ടു് ആ തറവാട്ടിലേക്കു്. അവിടത്തെ എല്ലാ അംഗങ്ങളേയും 'അങ്ങന്നു' എന്നും സ്ത്രീകളെ 'വയങ്കരമ്മ' എന്നുമാണു് വിളിച്ചുവരാറ്. 'ഭയങ്കരമ്മ'യല്ല. പേടിക്കേണ്ടാ.

സൂര്യോദയത്തിന്നു മുമ്പായി വെള്ളച്ചോറും കഴിച്ചു് കക്ഷത്തിൽ കടലാസ്സുകെട്ടുംപേറി, നേരത്തെതന്നെ കോടതിക്കു പുറപ്പെടുന്ന ചില വ്യവഹാരപ്രിയന്മാർ ഉണ്ടല്ലോ കോർട്ട്ബേർഡ്സ് എന്നു് (Court Birds) അവഹേളിക്കപ്പെടുന്നവർ. അവരിൽ അഗ്രഗണ്യനായിരുന്നു നമ്മുടെ മൂപ്പിൽ നായർ അവർകൾ. അദ്ദേഹത്തിന്നു കാര്യമുണ്ടെങ്കിലും ഇല്ലെങ്കിലും ദിവസം ഒന്നിന്നു കോടതി വളപ്പിന്നെ മൂന്നു പ്രാവശ്യം പ്രദക്ഷിണം ചെയ്തില്ലെങ്കിൽ അന്നുറക്കം നാസ്തി. എന്നാൽ അധിക വ്യവഹാരവും അനന്തരവന്മാരോടായിരുന്നു. തറവാട്ടിൽ ലോഗ്യം തന്നെ. ഒന്നിച്ചു കഴിയും. ഒന്നിച്ചുണ്ണും കഴിക്കും. കോടതിക്കു ഒന്നിച്ചു പുറപ്പെടുകയും ചെയ്യും. എന്തെങ്കിലും കണ്ടാമണ്ടി കണ്ടേക്കും കോടതി കയറുവാൻ. തന്റെ അഭാവത്തിന്നു

ശേഷം കാരണവസ്ഥാനത്തേക്കു വരുന്നവൎക്കു തറവാട്ടു സ്വത്തു കളയാതിരിപ്പാൻ വ്യവഹാരശീലം വേണമല്ലൊ. അതു പരിചയപ്പെടുത്തുവാനാണത്രെ ഈ വക ഏൎപ്പാടുകൾ.

ബസ്സും കാറും എന്നല്ല, നല്ല വണ്ടിതന്നേയും അക്കാലത്തില്ല. പത്തും പന്ത്രണ്ടും നാഴിക വഴിദുൎഘടമായ പന്ഥാവുകളിൽ കൂടിയും "തഡില്ലി തഡങ്കാരനാദമണ്ഡിതമായും സിംഹവ്യാഘ്രശല്യാദി മൃഗഗണനിഷേവിതമായുമുള്ള വഴികളിൽ കൂടിയും രണ്ടു നേരവും നടന്നു പോകുവാൻ കാക്കുണ്ണിക്കു ലവലേശം ക്ലേശം ഉണ്ടായിരുന്നില്ല. അതിന്നുള്ള ആരോഗ്യവും അദ്ദേഹത്തിന്നുണ്ടായിരുന്നു.

വ്യവഹാരപ്രിയനാണെങ്കിലും വളരെ സരസനുമായിരുന്നു മൂപ്പിൽനായര്. നമ്മുടെ മേനൊൻ പാലക്കാട്ടു മുൻസിഫായിരുന്ന കാലത്താണു ഇവരുടെ ഏററമുട്ടൽ. കോടതിയിൽ വെച്ചു ഭംഗിയായി പരസ്പരം പരിഹസിക്കുന്നതു് ഇരുവൎക്കും രസകരമായ ഒരു ജോലിയായിരുന്നു അക്കാലത്തു്.

കാക്കുണ്ണിനായരു കക്ഷികൾ വന്നു കാത്തുനിൽക്കാറുള്ള സാക്ഷിക്കൂട്ടിന്റെ അടുത്തുതന്നെ, വിളിച്ചാൽ വിളികേൾപ്പാനായി തെയ്യാറായി നിൽക്കുന്നുണ്ടു്. കാക്കുണ്ണിനായര് തലേന്നു കൊടുത്തിരുന്ന ഒരു ഹരിജി വിചാരണക്കു വന്നപ്പോൾ അതു സംബന്ധിച്ചു എന്തോ സംശയം ചോദിപ്പാനായി കാക്കുണ്ണിയുടെ പേരിനെ മുൻസീഫ് അവർകൾ വിചാരണഉദ്യോഗസ്ഥൻ മുഖാന്തരം ശിപായെക്കൊണ്ടു ഹാജർ വിളിപ്പിച്ചു. വിളികേട്ട ഭാവം കൂടാതെ നിന്നു മൂപ്പിൽ

നായര്. രണ്ടാമതും വിളിപ്പിച്ചു. അതും കേട്ട ഭാവം നടിക്കാതെ അവിടെത്തന്നെ നിന്നിരുന്നു. ഒടുവിൽ കല്പനപ്രകാരം ശിപായി ചെന്നു കാക്കുണ്ണിയെ പിടികൂടി മുൻസീഫിൻെറ മുമ്പിൽ ഹാജരാക്കി. മൂപ്പരും മൂപ്പിൽ നായരും തമ്മിൽ പിന്നെ ഒരു സംഭാഷണം നടന്നു.

മുൻസീഫ്:—ഞാൻ വിളിച്ചതു കേട്ടഭാവം നടിക്കാതെ കോടതികല്പനയെ അലക്ഷ്യമാക്കിയതിന്നു (Contempt of Court) പിഴകല്പിക്കാതിരിപ്പാൻ സമാധാനം ബോധിപ്പിക്കണം.

കാക്കുണ്ണി:—എജമാൻ എന്നെ വിളിച്ചുവോ?

മുൻസീഫ്:—(ഗൌരവത്തോടെ) എടത്താറ കാക്കുണ്ണി മൂപ്പിൽനായരെന്നു, ഞാൻ തന്നെ വിളിപ്പിച്ചതു് കേട്ടില്ലെന്നോ പറയുന്നതു്.

കാക്കുണ്ണി:—അങ്ങിനെ വിളിച്ചതു ഞാൻ കേട്ടിരിക്കുന്നു. എന്നാൽ യജമാൻ എന്നെ വിളിച്ചുവോ ഒന്നാം ഗുമസ്ഥനെ വിളിച്ചുവോ എന്നു ശങ്കിച്ചാണു് മിണ്ടാതിരുന്നതു്.

മുൻസീഫ്:—എന്താ മൂപ്പിന്നു് പറയുന്നതു്. ഒന്നാം ഗുമസ്ഥൻ ബ്രാഹ്മണനാണെന്നു അറിയില്ലെ (രാമയ്യർ എന്നൊരാളായിരുന്നു അക്കാലത്തെ അവിടത്തെ ഒന്നാം ഗുമസ്ഥൻ).

കാക്കുണ്ണി:—എജമാൻ അങ്ങോട്ടുനോക്കി വിളിച്ചപോലെയാണു് ഞങ്ങൾക്കൊക്കെ തോന്നിയതു്. അതുകൊണ്ടാണു് മിണ്ടാതിരുന്നതു്.

കോടതിനിറയെ ഉണ്ടായിരുന്ന കക്ഷികൾ ഇവരുടെ വാഗ്വാദംകേട്ടു അസ്ഥാളിച്ചു. ചിലർ മൂപ്പിൽ നായരുടെ മുഖത്തേക്കും മുൻസീഫ് അവർകളുടെ മുഖത്തേക്കും മാറി മാറി നോക്കി. ചിലർ മൂക്കത്തു വിരൽ വെച്ചു. എന്നാൽ മൂപ്പിൽനായർക്കില്ല ഒരു ഭാവഭേദം.

പക്ഷേ മൂപ്പര് പൊട്ടിച്ചിരിക്കയാണ് ചെയ്തതു് കാക്കണ്ണി തന്നെ കളിയാക്കിയ കൌതുകം കണ്ടു്. ചന്തു മേനോൻ കോങ്കണ്ണനായിരുന്നുവല്ലൊ. എടാ കോങ്കണ്ണാ! എന്നു കഥാരൂപേണ ചാക്യാർ സദസ്യരിൽ ചിലരെ നോക്കി പ്രയോഗിക്കുന്ന ഫലിതം മനസ്സിലാക്കി.

നമ്മുടെ മൂപ്പിൽ നായരെപ്പററി ഇനിയും പലതും പറവാൻ ഉണ്ടെങ്കിലും ഇവിടെ എഴുതുന്നതു് അപ്രകൃത മാവുമെന്നുള്ള ഭീതിയാൽ ഒട്ടു ചുരുക്കുന്നു. എങ്കിലും അദ്ദേഹത്തെ സംബന്ധിച്ചു ഒരു കഥകൂടി പറയാതിരി പ്പാൻ എൻെറ മനസ്സാക്ഷി അനുവദിക്കുന്നില്ല.

ഹരജികൾ ഫയലാക്കുന്നതൊക്കയും നേരിട്ടായി രിക്കും. വക്കീൽമാരെ ഏർപ്പാടു ചെയ്യുന്ന സമ്പ്രദായം ഇല്ലെന്നുതന്നെ പറയാം. എന്നാലല്ലെ ഹരജി മറുപടിക്കു നേരിട്ടുചെന്നു എന്തെങ്കിലും കുണ്ടാമണ്ടിക്കു വഴി കാണുക യുള്ളു.

അന്നത്തെ തെക്കെമലയാംജില്ലാ ജഡ്ജി ഇദ്ദേഹ ത്തിൻെറ ഹരജികൾകൊണ്ടു് പൊറുതിമുട്ടി കാക്കണ്ണി തൻെറ കോടതിക്കുള്ളിൽ കടക്കരുതെന്നും അദ്ദേഹ

ത്തിൻെറ ഹരജികഠം ഒന്നും ആപ്പീസ്സിൽ വാങ്ങരുതെന്നും ഉത്തരവു പാസ്സാക്കിയിരുന്നു.

ഒരു ദിവസമുണ്ടു് സാദ്ധ്യ് വിചാരണചെയ്യുന്ന മുറിയിലെ മുകളിലുള്ള ജാലകത്തിലൂടെ കടലാസ്സുകൊണ്ടുള്ള കൊടിക്കൂറപോലെ ഒന്നു പറന്നു കളിക്കുന്നു. ഒരു നീണ്ട മുളയിൽ കെട്ടിത്തൂക്കിയ ഒരു ഹരജി. സായ്പിൻെറ ദൃഷ്ടിക്കു അതൊരു ന്യൂസൻസായി തോന്നിയതിനാൽ ആ അധികപ്രസംഗിയെ പിടിച്ചുകൊണ്ടുവരുവാൻ ഒരു ശിപായിയെ പറഞ്ഞയച്ചു. മൂപ്പിൽനായരുടെ സമാധാനം ഏവം വിധേനയായിരുന്നു. "എന്നെ അകത്തുകടപ്പാൻ പാടില്ലെന്നു സായ്പു് കല്പിച്ചിട്ടുണ്ടു്. ആപ്പീസ്സിൽ എൻെറ ഹരജികഠം വാങ്ങരുതെന്നും. പിന്നെ ഞാനെന്തുചെയ്യും എനിക്കു പലതും ബോധിപ്പിക്കാനുള്ളപ്പോഠം."

## 4. കാരണവസ്ഥാനം കൽപികൽ.

ഒററപ്പാലം മുൻസീഫായിരുന്നകാലത്തെ ഒരു കഥ പറയാം. ഭേദപ്പെട്ട ഒരു തറവാട്ടിൽ രണ്ടാഠം തമ്മിൽ തക്കം. ഞാൻ, ഞാൻ കാരണവരെന്നു്. ആ തറവാട്ടിൽ രണ്ടു താവഴികഠം ഉള്ളതിൽ വയസ്സു മൂപ്പന്നാണു് തറവാട്ടിലെ കാരണവസ്ഥാനത്തിന്നു അർഹത, രണ്ടാളും വളരെ ചെറുപ്പക്കാരാണു്. വല്ലതും എൺപതു എൺപത്തൊന്നു ആയിരിക്കും അത്രയേ ഉള്ളു. ഏറിയാൽ ഇരുവക്കും തമ്മിൽ പ്രായവ്യത്യാസം അഞ്ചാറു മാസത്തേയെ കാണുകയുമുള്ളു.

ഇവരിൽ ഒരു കാരണവൻ ദൃഢഗാത്രൻ. കവിളൊന്നും ഒട്ടിയിട്ടില്ല. പല്ലൊന്നും കൊഴിഞ്ഞിട്ടില്ല. രാത്രി

ഭാൎയ്യവീട്ടിലേയ്ക്കു നടന്നുപോകുവാൻ ക്രസൽ ഇല്ല. മുറുക്കു വാൻ ഇരുമ്പുകൊണ്ടുള്ള ഉരലോ ഉലക്കയോ ഒന്നും ആവശ്യമില്ല. മറെറ കാരണവർ നന്നെ ക്ഷീണിച്ച അവശനായിരിക്കുന്നു. സൌഗന്ധികം കഥയിൽ ഭീമസേനന്റെ മാൎഗ്ഗമദ്ധ്യേ വഴിമുടക്കിക്കിടക്കുന്ന വാനരവീരനെ മനസാ നിരീച്ചാൽ മതിയാവും ഇദ്ദേഹത്തിന്റെ ദേഹപ്രകൃതി വൎണ്ണനക്കു. രണ്ടുഭാഗത്തും പ്രായപൂൎത്തി സംബന്ധമായ അപ്പീൽ ഇല്ലാത്ത രേഖകൾ—പാഴൂർ കണിയാനും പരുത്തിപ്പുള്ളി പണിക്കരും എഴുതിയ ജാതകങ്ങൾ—ഹാജരാക്കിയിരിക്കുന്നു. ഒരു മുൻസിഫ് ഇവരെ ഡാക്ടരുടെ പരിശോധനക്കായി കോഴിക്കോട്ടുള്ള വലിയ മെഡിക്കൽ ആപ്പീസ്സരുടെ അടുക്കലേക്ക് അയച്ചു. അദ്ദേഹത്തിന്റെ സട്ടിഫിക്കററ് കവിളൊട്ടിയ കാരണവൎക്കു അനുകൂലമായിരുന്നു.

അങ്ങിനെ കേസ്സ് നിലവിൽ ഇരിക്കുന്ന കാലത്താണ് നമ്മുടെ കഥാനായകനും ഒററപ്പാലത്തേയ്ക്കു സ്ഥലമാററം വന്നത്. മൂപ്പര് ഒരു പുതിയ അടവെട്ടത്തു സൂക്ഷ്മവിവരം മനസ്സിലാക്കി തീൎപ്പുകല്പിപ്പാനായി കേസ്സുദിവസം ഉച്ചക്ക് വിശ്രമാൎത്ഥം ആലോചനമുറിക്കു പോയപ്പോൾ ഈ ചുക്കിച്ചുളിഞ്ഞ കാരണവരെ അകത്തേയ്ക്കു ക്ഷണിച്ചുകൊണ്ടുവരുവാൻ പറഞ്ഞയച്ചു. അദ്ദേഹം ആസനസ്ഥനായ ശേഷം രണ്ടാളും ചായ കഴിച്ചു. ഓരോ നാട്ടുവൎത്തമാനവും പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യേ മുൻകൂട്ടി ഏൎപ്പാടുചെയ്തിരുന്ന പ്രകാരം മറെറക്കാരണവരെ അകത്തേക്കു ശിപായി ക്ഷണിച്ച

കൊണ്ടുവന്നു. ഇതു ആദ്യംവന്ന കവിളൊട്ടിയ കാരണവർ സ്വപ്നത്തിൽക്കൂടി വിചാരിക്കാത്ത ഒരു സംഭവമായിരുന്നു. ഇദ്ദേഹം അകത്തുകടന്നു മുൻസീപ്പിനെ വന്ദിച്ചു ഇരിക്കുവാൻ ഭാവിക്കുന്നതേയുള്ളൂ. ഇതുകണ്ടതും കവിളൊട്ടിയ കാരണവരുടെ ആസനം താനെ പൊന്തിത്തുടങ്ങി. എണീക്കാനുള്ളമട്ടായി. "ഹെ. ഇരിക്കു. ഇരിക്കു. ഇരുന്നോളൂ." എന്നായി മുൻസീപ്പ്, എങ്ങിനെ ഇരിക്കും! ആസനം ഉറക്കാതെയായി. ഞാൻ പിന്നെ വരാം. എനിക്കൊരു നീക്കൽ ഇരിക്കണം" എന്നും പറഞ്ഞു് ഈ കാരണവർ വടിയും കുത്തി യാത്രയായി."

കാരണം സ്പഷ്ടമാണല്ലോ. കാരണവരുടെ മുമ്പിൽ അനന്തരവന്മാർ ഇരിയ്ക്കുക എന്നുള്ളതു് മലയാളത്തറവാട്ടുകളിൽ പണ്ടു പണ്ടേ പതിവില്ലാത്തതാണു്. എന്തിന്നു്? അനന്തരവന്മാർ കാരണവരുടെ മുമ്പിൽ നിന്നുകൊണ്ടു സംസാരിക്കുന്നതു തന്നെ വളരെ ഭയഭക്തിയോടുകൂടി കീഴ്പോട്ടു ദൃഷ്ടിവെച്ചു കൊണ്ടുമായിരിക്കും. അങ്ങിനെ അന്നെവരെ ശീലിച്ചുപോയ കവിളൊട്ടിയ കാരണവർ യഥാർത്ഥ കാരണവരുടെ പെട്ടന്നുണ്ടായ ആഗമനത്തിൽ അന്ധാളിച്ചു എണീററു പോയതിൽ അത്ഭുതപ്പെടുവാൻ എന്തുള്ളൂ. കാരണവസ്ഥാനം കല്പിച്ചു കൊടുപ്പാൻ കാലതാമസവും വേണ്ടി വന്നില്ല.

ഇപ്പോൾ ഈ വിധം പൊടിക്കൈകൾ ഫലിച്ചു കാണ്മാൻ വിഷമിക്കും. കാരണവർ കാത്തുനിൽക്കെ അനന്തരവൻ ചാരുകസേരയിൽ കാൽനീട്ടി കിടന്നും കൊണ്ടു കാരണവരോടു കടുത്തു പറയുന്ന കാലമാണല്ലോ ഇതു്. അതാണല്ലോ ഇപ്പോഴത്തെ പരിഷ്ക്കാരവും.

## 5. നമ്പൂരിയെ ചെണ്ടകൊട്ടിച്ചതു്.

പാലക്കാട്ട ടൌണിൽസംഗതിവശാൽ താമസിച്ചിരുന്നകാലം. എടത്തറ നായക്ക മൂപ്പു കിട്ടുന്ന ദിവസം നമ്പൂരാക്കു് തിരിഞ്ഞിരുന്നു പന്തിഭോജനം പതിവുണ്ടായിരുന്നു. വിശേഷാൽ ഓരോ ഉറുപ്പിക പ്രതിഗ്രഹവും. അന്നത്തെ ഒരു ഉറുപ്പിക ഇന്നത്തെ ഒരു പവന്നു സമമാണേ. നമ്പൂരാർ തടിച്ചുകൂട്ടം. എന്നാൽ അന്നു മാത്രമെ ഉള്ളൂ പന്തിഭോജനം. പിന്നീട്ട എപ്പോഴെങ്കിലും നമ്പൂരി ഉണ്ണുന്നതു് നായർ കണ്ടുപോയാൽ അന്നു മന്ത്രപൂർവ്വം പ്രായശ്ചിത്തം ചെയ്തു പഞ്ചഗവ്യം സേവിക്കണം ദേഹശുദ്ധി വരുവാൻ.

എടത്തറ നായരൊന്നിച്ചു ഊൺകഴിച്ച ഒരു നമ്പൂതിരി ഒരു ഞാറാഴ്ചദിവസം വന്നു മേനോൻെറ വസതിയിലേക്കു്. സുമാറ് പത്തുമണി സമയത്തു്. നമ്പൂതിരി ഒരു പഴയ മനുഷ്യനാണു്. ശുദ്ധനാണു്. "മഹാസഭാവോ വിഡ്ടീശ്രേൽ ശുദ്ധ ഇത്യഭിധീയതെ" എന്ന പ്രമാണം വെടിപ്പായി ചേരുന്ന കൂട്ടത്തിലാണു്. കുശലപ്രശ്നാദികൾ കഴിഞ്ഞശേഷം നമ്പൂരിയെ ഉണ്ണാനായി ക്ഷണിച്ചു നമ്മുടെ മേനൊൻ. ബങ്കളാവിൻെറ വളപ്പിൽതന്നെ ഉണ്ടായിരുന്നു കുളവും കുളപ്പുരയും. ഭക്ഷണം പാകം ചെയ്തിരുന്നതു് പട്ടന്മാരാണു്. എന്നു തന്നേയല്ല, വിശേഷ വിധിയായി ദിവസേന കുറെ സാമ്പാറ് എത്തിച്ചു കൊടുപ്പാൻ ഒരു അമ്മ്യാരേയും പ്രത്യേകം ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. "സാമ്പാറമ്മ്യാര" എന്നായിരുന്നു അവരെ വിളിച്ചിരുന്നതും. അത്യാവശ്യം

വഴിപോക്കർ വന്നാൽ ഊണിന്നു മുട്ടുവരില്ലവിടെ. ബ്രാഹ്മണർക്കുള്ള ഊണു കുളപ്പുരയിൽ വെച്ചായിരിക്കും എന്നു മാത്രം.

നമ്പൂതിരിയെ ഉണ്ണാൻ ക്ഷണിച്ചു മേനോൻ കുളപ്പുരയിൽ നിന്നുംപോയി. കുളിയും തേവാരവും കഴിഞ്ഞു് നമ്പൂതിരി കുളപ്പുരയിൽ ചെന്നപ്പോളുണ്ടു് രണ്ടിലയും പലകയും. വേറെയും വല്ലവരെയും ക്ഷണിച്ചിരിക്കാം. ഊണിന്നു; അല്ലെങ്കിൽ വെപ്പുകാരൻ സ്വാമിക്ക് ഉണ്ണാനായിരിക്കാം മററെ ഇല; എന്നു വിചാരിച്ചു് നമ്പൂതിരി ഉണ്ണാൻ ഭാവിച്ചു ഒരു പലകയിൽ ചെന്നിരുന്നു. നമ്പൂതിരിക്കു വെപ്പുകാരൻ നീർകൊടുത്തു പ്രാണാഹുതി കഴിഞ്ഞു നമ്പൂരി ഉണ്ണാൻ ഭാവിക്കുമ്പോളുണ്ടു് ചന്തുമേനോൻ അകത്തുകടന്നു മററെ പലകയിൽ ഇരിപ്പാൻ വട്ടം കൂട്ടുന്നു. നമ്പൂതിരിക്കു് തന്റെ പോഴത്തം അപ്പോഴാണു മനസ്സിലായതു. ഉണ്ണാനെടുത്ത ചോറ് വേഗം ഇലയിൽ തന്നെ ഇട്ടു് കുളത്തിൽ ഇറങ്ങി കാലും കയ്യും കഴുകുവാൻ വട്ടംകൂട്ടി. "എവിടെ പോകുന്നു. ഇരിയ്ക്കൂ അവിടെ" എന്നായി മേനൊൻ. "ശൂദ്രരൊന്നിച്ചു ബ്രാഹ്മണർക്ക് ഉണ്ണാൻ തക്കനിലയിൽ കലി മൂത്തിട്ടില്ല" എന്നായി നമ്പൂതിരി. "എത്രത്തറ നായരൊന്നിച്ചു ഇന്നോളം ഊൺ കഴിച്ചതു ഈ നമ്പൂരി അല്ലയായിരിക്കും. ഞാൻ സ്ഥാനിയല്ലെങ്കിലും മാനിയാണു്. മുൻസീഫാണു്. ഒന്നാന്തരം നായരുമാണു്. ദക്ഷിണയും ഒന്നിന്നു രണ്ടായി തന്നേക്കാം. എന്നും പറഞ്ഞു ശഠിച്ചുകൂടി മേനൊൻ.

നമ്പൂതിരി മെല്ലെ കുളപ്പുരയിൽ നിന്നു പുറത്തേക്കു ചാടുവാൻ ഭാവിച്ചപ്പോൾ" പിടിക്കടെ നമ്പൂരിയെ"

എന്നു വെപ്പുകാരനോടു ഉത്തരവായി. നമ്പൂരി ഓടാനും തുടങ്ങി. പാറാവു ശിപായി പിന്നാലെയും. മേനോൻ ഇതു കണ്ടു തെല്ലു രസിച്ചെന്നു പറയേണ്ടതില്ലല്ലോ. ഗ്രഹപ്പിഴക്കെന്നൊ പറയേണ്ടു. ഗേററു അടച്ചു പൂട്ടിയിരിക്കുന്നു. നമ്പൂതിരി ഇതികത്തവ്യതാമൂഢനായി മേനോനോട്ട് ക്ഷമായാചനം ചെയ്തു. "ഹെ നമ്പൂതിരിക്ക് ഇഷ്ടമില്ലെങ്കിൽ ഞാൻ നിർബ്ബന്ധിക്കുന്നില്ല. ഞാൻ അകത്തുപോയി ഉണ്ടോളാം. കുളപ്പുരയിൽ ചെന്നു ഊണ് കഴിച്ചോളു. ഊൺകഴിഞ്ഞു കാണാതെ പോവരുത്" എന്നും പറഞ്ഞു മേനൊൻ ഉണ്ണാനായി പോയി.

നമ്പൂതിരി വിയത്തു അവശനായിരിക്കുന്നു. ശങ്ക കഴിച്ചു കാലും മുഖവും കഴുകി വളരെ ശങ്കയോടുകൂടി നമ്പൂതിരി ഊൺകഴിച്ചു. മററെ ഇലയിൽ വെപ്പുകാരനും കൂടി.

ഊൺ കഴിയുമ്പോഴക്ക് മുറുക്കാനുള്ളതൊക്കയും ഒരുക്കിവെച്ചിരിക്കുന്നു ഒരു വെള്ളിത്തട്ടിൽ. സുഖമായി ഇരുന്നു് ഇല അമറേത്തു കഴിക്കുന്ന സമയം ചന്തുമേനോൻ ഊൺകഴിഞ്ഞു വന്നു അടുത്തുകൂടി. എന്നിട്ട് കുറെ പഴ ങ്കഥകൾ പറഞ്ഞു. ഇനിയും വല്ല വിധവും ചന്തുമേനോൻ തന്നെ ചെണ്ടകൊട്ടിച്ചേക്കുമോ എന്നുള്ള ഭീതി നമ്പൂതിരിയെ അലട്ടിക്കൊണ്ടുമിരുന്നു.

നമ്പൂതിരി മെല്ലെ യാത്ര പറഞ്ഞു പുറപ്പെട്ടു. ബ്രാഹ്മണർ ഭൂദേവന്മാരാണെന്നു തനിക്കു നല്ല വിശ്വാസമുണ്ടെന്നും അവരുടെ അനുഗ്രഹം അനവരതം ആഗ്രഹിക്കുന്ന ആളാണ് താനെന്നും തിരുമനസ്സിൽ തന്നെപ്പററി

യാതൊരു തെററിദ്ധാരണയും ഉണ്ടാവരുതെന്നും പറഞ്ഞ് നമ്പൂതിരിക്ക് ആറു കൊച്ചുപാവിൽ രണ്ടെണ്ണവും മൂന്നേ കാൽ ഉറുപ്പികയും വെള്ളിത്തട്ടിൽവെച്ച് സംഭാവന ചെയ്തു.

നമ്പൂതിരി അളവററ സന്തോഷംകൊണ്ടു കരഞ്ഞു പോയി എന്നുവേണം പറവാൻ. 'ദീർഘായുസ്സായിരിക്കേണം' എന്നു ഹൃദയപൂൎവ്വം പ്രാൎത്ഥിച്ച് രണ്ടു കൈയും നീട്ടി മേനോനെ അനുഗ്രഹിച്ചു. പിന്നെ, "ചന്തു ഇപ്പോ എത്രാം ക്ലാസ്സ മുൻസീപ്പാ" എന്നു ചോദിച്ചാറെ "ഒന്നാം ക്ലാസ്സാ"ണെന്നു ഉത്തരം പറഞ്ഞു. എന്നാ "ഇനി നാം ചന്തുനെ കാണുമ്പോ ന്യൂറാംക്ലാസ്സായി കാണേണം ട്ടോ" എന്നും പറഞ്ഞു ആശീൎവ്വദിച്ചു.

നമ്പൂതിരിയുടെ അനുഗ്രഹം ഫലിച്ചു. ഹൃദയപൂൎവ്വം ചെയ്യുന്ന അനുഗ്രഹവും ഹൃദയഭേദകമായി ചെയ്യുന്ന ശാപവും അനുഭവിക്കാതെ വരികയില്ലെന്നു നമ്മുടെ പുരാണഗ്രന്ഥങ്ങൾ വിളിച്ചു പറയുന്നുണ്ടല്ലോ. മേനോനു സീനിയർമാരായി മൂന്നു നാലു മുൻസീഫ്മാർ ഉണ്ടായിരുന്നു. മേനോൻെറ പ്രവൃത്തിയാൽ മേലധികാരത്തിങ്കലേക്കുള്ള താല്പൎയ്യം നിമിത്തം അവരുടെ അവകാശങ്ങളെ അവഗണിച്ചു നമ്മുടെ കഥാനായകനെ തിരുനൽവെലി ആക്ടിങ്ങ് സബ്ബ്ജഡ്ജിയായി കല്പിച്ചു താമസിയാതെ കല്പനവന്നു. ഏറെത്താമസിയാതെ കോഴിക്കോട്ടേക്കു സ്ഥിരം സബ്ബ്ജഡ്ജിയായി നിശ്ചയിച്ചു ഉത്തരവും വന്നു.

## 6. മാങ്ങാക്കമ്മീഷൻ.

കോടതിയിൽനിന്നു വക്കീൽമാൎക്കും നാട്ടുകാരിൽ ചിലൎക്കും കമ്മീഷൻ കല്പനകൊടുക്കുന്ന സമ്പ്രദായമുണ്ടെന്നു

കോടതി പരിചയമുള്ളവക്ക് അറിവുള്ളതാണല്ലോ. അതറിയാത്തവരെ അറിയിക്കേണ്ടതു് ഈ കഥയ്ക്കു അത്യാവശ്യമായിതീൎന്നിരിക്കുന്നു.

കോടതിയിൽ ഫയലാവുന്ന ചിലവ്യവഹാരങ്ങളിൽ തക്കത്തിൽ പെട്ട വസ്തുക്കളെ പരിശോധിച്ചു റിപ്പോർട്ട് തെയ്യാറാക്കുക. വസ്തുക്കളുടെ ഭൂസ്ഥിതിക്കനുസരിച്ചുള്ള പ്ലാൻ തെയ്യാറാക്കുക. കക്ഷികൾ തമ്മിലുള്ള തക്കം ഇന്നതാണെന്നു വ്യക്തപ്പെടുത്തുക. കുഴിക്കൂറു ചമയങ്ങളുടെ വയസ്സും വിലയും അവയുടെ ഉടമാവകാശവും കാണിച്ചു അഭിപ്രായം പറയുക. കോടതിക്കു വരുവാൻ അശക്തരായ സാക്ഷികളെ അവരുടെ വസതികളിൽവെച്ചു വിസ്തരിച്ചു കയ്യീത്തു എടുക്കുക, വിധിക്കനുസരിച്ചു വസ്തുക്കൾ ഭാഗം ചെയ്ക, എന്നീസംഗതികൾക്കായി കോടതിയുടെ പ്രതിനിധിയായി അധികാരപ്പെടുത്തുകയാണു കമ്മീഷൻ എന്നതു്. പ്രവൃത്തിയുടെ തരാതരം പോലെ ഇതിന്നു പ്രതിഫലവും ഉണ്ടു്. ഇതിനെത്തന്നെ നിത്യവൃത്തിക്കായി ആശ്രയിച്ചു ചാതകപ്പക്ഷികളെ പോലെ കാത്തിരിക്കുന്നവരെ ഇന്നും ധാരാളം കാണാം. ഇവരെ മുൻസീഫ്, ജഡ്ജി ഇവരുടെ ബങ്കളാവുകളിൽ മുഖം കാണിപ്പാൻ കാത്തിരുന്നും, ജഡ്ജിമാർ വിചാരണ ചെയ്യുന്ന മുറികളിൽ കക്ഷികൾ വന്നു നില്ക്കുന്ന ദിക്കിൽ പതുങ്ങിപ്പതുങ്ങി നിന്നു തങ്ങളുടെ കാത്തിരിപ്പിനെ ജഡ്ജിമാരുടെ ദൃഷ്ടിയിൽ പെടുത്താനായി ശ്രമിച്ചും, പോരെങ്കിൽ വിചാരണ ഗുമസ്ഥന്മാരുടെ വസതികളിലും ഇവരെ കാണ്മാൻ പ്രയാസമില്ല.

ചന്തുമേനോൻ കോഴിക്കോട്ട സബ്ബ് ജഡ്ജിയായി ചാർജെടുത്തു സ്വല്പദിവസം കഴിഞ്ഞിരിക്കുന്നു. മാവു പൂത്തു തുടങ്ങുന്നതേ ഉള്ളൂ. എന്നാൽ പട്ടാമ്പി— അങ്ങാടിപ്പുറം റോഡരികിലുള്ള മാവുകളിൽ മാങ്ങ കാലെക്കൂട്ടി കായ്ച്ചുതുടങ്ങുന്നതു പതിവാണ്. അങ്ങിനെ അപൂർവ്വമായി എങ്ങാനോ ഉണ്ടായ കുറെ മാങ്ങയെ അവയുടെ ഞെട്ടിയോടുകൂടി ഒരു കൊട്ടയിലാക്കി ഒരു വിദ്വാൻ വന്നു ചന്തുമേനൊന്റെ ബങ്കളാവിലേക്കു, മേനൊന്റെ സേവ സമ്പാദിച്ചു വല്ല കല്പനയും കിട്ടുവാൻ. സാധാരണ ജഡ്ജിമാരാണെങ്കിൽ ആയതു വാങ്ങിവെച്ചു കോടതിക്കു വരുവാൻ പറഞ്ഞേക്കാം. വല്ല കല്പനയും ഉണ്ടോ എന്നു നോക്കട്ടെ എന്നു പറഞ്ഞും കൊണ്ടു്. ഉടനെ മാങ്ങയെ ഉപ്പിലിടുവാൻ വടക്കു ഭാഗത്തേക്കു അയച്ചെന്നും വരാം.

ചന്തുമേനോൻ വളരെ സന്തോഷഭാവം നടിച്ചു ആ മാങ്ങ കൊണ്ടുവന്ന വിദ്വാനെ സൽക്കരിച്ചിരുത്തി. എന്നിട്ടു സ്വകാര്യത്തിൽ പറഞ്ഞയച്ചു ഒരു മാരാരെ വിളിച്ചുകൊണ്ടു വരുവാൻ. മാരാർ ചെണ്ടമേളത്തോടുകൂടി ഹാജരായി. ആ മാങ്ങകളെ വലിയൊരു മാലയായി കെട്ടിച്ചു, കമ്മീഷണരുടെ കണ്ഠാഭരണമാക്കി അണിയിച്ചു, മാരാരെക്കൊണ്ടു ചെണ്ടയും മുഴക്കിച്ചു കോഴിക്കോട്ടുള്ള പ്രധാന തെരുവുകളിൽ കൂടിയും അങ്ങാടികളിൽ കൂടിയും തന്റെ ശിപായിയെ കൂട്ടി നടത്തിച്ചു "മാങ്ങാക്കമ്മീഷൻ, മാങ്ങാക്കമ്മീഷൻ, എന്നുച്ചത്തിൽ ആ വിദ്വാനെക്കൊണ്ടു പറയിച്ചും കൊണ്ടു്. കമ്മീഷൻ കല്പന കിട്ടുവാൻ സേവക്കുവന്നാലുള്ള ഫലം ഇന്നതാണെന്നു മററു കമ്മീഷൺ

കാമുകന്മാരെ വ്യക്തപ്പെടുത്തി മനസ്സിലാക്കി എന്നു പറയേണ്ടതില്ലല്ലോ. പട്ടാമ്പിക്കാരനായ ആ വിദ്വാൻ പിന്നെ ചന്തുമേനോൻ കോഴിക്കോട്ടുള്ള കാലംവരെ ഫറോക്കിന്നപ്പുറം കടന്നു ചെന്നിട്ടില്ലത്രെ.

## 7. കണ്ണടവക്കീലിൻെറ കഥ.

കോഴിക്കോട്ട് ബാറിൽ അന്നു ഇന്നോളം വക്കീൽ മാർ ഇല്ലായിരുന്നു. വല്ലതും പത്തു നാല്പതാൾ മാത്ര മായിരുന്നു ഉണ്ടായിരുന്നതു്. അതുകൊണ്ടു ഉള്ളവരെ വേഗം തിരിച്ചറിവാൻ അന്നത്തെ ന്യായാധിപതികൾക്കു പ്രയാസമുണ്ടായിരുന്നില്ല. ഇന്നു് കോഴിക്കോട്ടു ബാറിൽ പ്രാക്ടീസ്സ് ഉള്ളവരും ഇല്ലാത്തവരുമായി ആയിരത്തോളം അഡ്വൊക്കേററുമാർ ഉണ്ടെന്നു പറഞ്ഞാൽ ആയതു അതി ശയോക്തിയാവുമെന്നു തോന്നുന്നില്ല. അക്കാലങ്ങളിൽ വക്കീൽമാർ ആരുംതന്നെ വെള്ളെഴുത്തിനല്ലാതെ മൂക്ക ണ്ണാടി ഉപയോഗിച്ചിരുന്നില്ല. ഇന്നു കണ്ണട ഇല്ലെങ്കിൽ അവസ്ഥക്കു പോരെന്നാണു വെപ്പു്. അക്കഥ ഇരിക്കട്ടെ.

ഒരാൾ മാത്രം ഹ്രസ്വദൃഷ്ടിമൂലം അന്നു കണ്ണട ഉപ യോഗിച്ചിരുന്നു. അദ്ദേഹം ബാറിലേക്കു നടാടെ വന്ന ഒരു ചെറുപ്പക്കാരൻ ബ്രാഹ്മണനായിരുന്നു. ഒന്നു മേനോനെ പരിചയപ്പെട്ടുകളയാം എന്നുവിചാരിച്ചു വന്നു മൂപ്പരുടെ ബങ്കളാവിലേക്കു് വൈകുന്നേരം അഞ്ചരമണി സമയത്തു്. പടിപ്പുരവാതിൽ തുറന്നുകിടക്കുന്നു. ശങ്കിച്ചുംകൊണ്ടു് അകത്തേക്കു നാലടി എടുത്തുവെച്ചു. അപ്പോഴാണു് അദ്ദേ ഹത്തിന്നു വന്ന സമയം പന്തിയല്ലെന്നു മനസ്സിലായതു്.

മൂപ്പര് സഹധമ്മണിയുമായി "അരവിന്ദദളോപമനയനെ, ശരഭിന്ദുമനോഹരവദനേ" എന്ന പദം അഭിനയിക്കുന്ന സമയം ആയിരുന്നു അത്. സമ്മതം വാങ്ങാതെയും മുൻക്കൂട്ടി അറിവുതരാതേയും കടന്ന ആളെ കാണേണ്ട താമസം "പിടിക്കടാ കണ്ണടക്കാരനെ" എന്നുച്ചത്തിൽ ഗജ്ജിച്ചു. വക്കീൽ തിരിഞ്ഞൊരോട്ടം. പാവം. കാൽ തടഞ്ഞു പടിപ്പുരയിൽ വീണു. പിന്നെയും എണീററു ഓടാൻ ഭാവിച്ചു. മൂപ്പര വക്കീലിനെ അകത്തേക്കുതന്നെ ക്ഷണിപ്പിച്ചു. പക്ഷെ അദ്ദേഹത്തിന്നു ധൈയ്യമുണ്ടായില്ല മടങ്ങിച്ചെല്ലുവാൻ. സിംഹത്തിൻെറ മുമ്പിൽ എണത്തിന്നു പ്രവേശിക്കുവാൻ എങ്ങിനെയുണ്ടാവും ധൈയ്യം. മേനോനു ആളെ മനസ്സിലായി. വന്നകാൎയ്യവും ക്ഷണേന ഊഹിച്ചു. വക്കീൽ മഠത്തിലേയ്ക്കു മടങ്ങുകയും ചെയ്തു.

പററെ ദിവസം കോടതിയിൽ ഒരു കേസ്സ് വിചാരണക്കു വന്നു. അതിൽ ഒരു സാക്ഷി അന്നു ഹാജരുണ്ടായിരുന്നില്ല. ദേഹസുഖമില്ലാത്തതുകൊണ്ടു അന്നു വരാത്തതാണെന്നും അടുത്ത വിചാരണക്കു ഹാജരാക്കിക്കൊള്ളാമെന്നും ആ ഭാഗത്തുനിന്നു ബോധിപ്പിച്ചു. ഉള്ള സാക്ഷികളെ അന്നു വിസ്തരിക്കാമെന്നും ആ സാക്ഷിയെ കമ്മീഷൻ മുഖാന്തരം വിസ്തരിക്കാമെന്നും പറഞ്ഞു ഇരുപത്തിഅഞ്ചുറുപ്പിക ഉടനെ ഹാജരാക്കേണമെന്നു കല്പിച്ചു. തിരുവായ്ക്കു എതിർവായില്ലാത്തകാലം. പണം ഹാജരാക്കി. കല്പന എഴുതിപ്പിച്ചു. ഉടനെ ശിപായിയെ വിളിച്ചു "കണ്ണടവക്കീലിനെ കൂട്ടികൊണ്ടുവാ" എന്നു കല്പിച്ചു. ശിപായി കാൎയ്യം മനസ്സിലാവാതെ ഒന്നു പരു

ങ്ങി. വിചാരണഗൃഹസ്ഥൻ ശിപായിക്കു കാര്യം പറഞ്ഞു മനസ്സിലാക്കികൊടുത്തു. കുഞ്ഞൻവക്കീൽ വന്നു ബാറിലേയ്ക്കു ഭയഭീതിയോടുകൂടി. "ഇന്നലെ പടിപ്പുരയിൽ കമിഴ്ന്നുവീണ"തിന്നുള്ള ഫലം ഇതാ എന്നും പറഞ്ഞു് ആ കല്പനയെ അവിടെവെച്ചുതന്നെ അദ്ദേഹത്തിന്നു കൊടുപ്പിച്ചു.

ഈ സംഭവം ആ വക്കീൽ തന്റെ പ്രാഭവകാലത്തു എന്നോടു നേരിൽ പറഞ്ഞ സംഗതിയാണു്. നടാടെ വിഷുക്കൈനേട്ടം ചന്തുമേനോന്റെ കയ്യിന്നായിരുന്നു എന്നു്. അതു എന്നും താൻ സ്മരിക്കുന്നുണ്ടെന്നും.

## 8. മാരാരുടെ മേളം.

കോഴിക്കോട്ടിന്നു വടക്കു സുമാറു് മൂന്നു മൈൽ ദൂരത്തു വരയ്ക്കൽ എന്നൊരു ക്ഷേത്രം ഉണ്ടു്. അതിന്റെ ഊരാളർ തീയ്യരാണു്. അവിടെ തിറ എന്നൊരു ഉത്സവം കൊല്ലന്തോറും പതിവുണ്ടു്. അതിന്നുള്ള ചടങ്ങുകൾക്കു് പലെ വാദ്യക്കാരേയും വരുത്താറുണ്ടു്. ചെണ്ട മേളത്തിന്നു ഒരു മാരാരെയായിരുന്നു ഏർപ്പാടു ചെയ്തിരുന്നതു്. ചെണ്ടക്കാരന്നുള്ള ചാർജ് മുൻകൂട്ടി നിശ്ചയിച്ചിരുന്നുവൊ ആവൊ. ഏതായാലും മാരാക്കു കൊടുത്ത ദക്ഷിണ അദ്ദേഹത്തിന്നു തൃപ്തികരമായി തോന്നിയില്ല. അതിനാൽ ശരിക്കു തനിക്കു കിട്ടുവാൻ അർഹത ഉണ്ടെന്നു് കാണിച്ചു നൂറു ഉറുപ്പിക വാങ്ങിക്കിട്ടുവാൻ മാരാർ കോഴിക്കോട്ടു സബ്ബ്കോടതിയിൽ കേസ്സ് ഫയലാക്കി ദേവസ്വം ഊരാളരെ കക്ഷിയാക്കിയും കൊണ്ടു്. അതൊരു രസപ്പാടുള്ള കേസ്സായിതീൎന്നു.

താൻ ഒന്നാന്തരം ചെണ്ടമേളം വായിക്കുന്ന ആളാണെന്നു തെളിവുകൊടുപ്പാൻ മാരാർ ചില സാക്ഷികളെ ഹാജരാക്കിയിരുന്നു. പക്ഷെ അവർ ദേവസ്വം ഊരാളരുടെ അധികാരശക്തിയെ പേടിച്ചും എന്റെ വിസ്താരത്തിൽ പലെ അബദ്ധങ്ങൾ എഴുന്നള്ളിച്ചും, കോട്ട്ചോദ്യത്തിൽ ഉത്തരം മുട്ടി അന്ധാളിച്ചും ഒടുവിൽ അന്യായഭാഗത്തേയ്ക്കു ഗുണത്തിന്നു പകരം അവരുടെ മൊഴി ദോഷമായാണു പരിണമിച്ചത്.

മാരാരോടു കോടതിവളപ്പിൽ വെച്ച് ചെണ്ടമേളം വായിപ്പാൻ സാധിക്കുമോ എന്നു മേനോൻ ചോദിച്ചു. മാരാർ ആവാമെന്നു പറഞ്ഞു. കല്പനപ്രകാരം ചെണ്ടയോടുകൂടി പിറ്റെദിവസം പതിനൊന്നു മണിക്കു മാരാർ കോടതിയിൽ ഹാജരായി.

കോഴിക്കോട്ടുള്ള ജില്ലാക്കോടതിയും സബ്ബ്കോടതിയും മുൻസീഫ്കോടതികളും ഒരെ വളപ്പിലുള്ള എടുപ്പുകളിലാണ് സ്ഥിതിചെയ്യുന്നത്. അങ്ങിനെ അല്ലാതെയുമുണ്ടു് ദുർല്ലഭം ചില ദിക്കുകളിൽ. അതാണ് ഈ സംഗതി എടുത്തു പറവാൻ. സബ്ബ്കോടതിയുടെ പിൻഭാഗത്തു ഒരു വലിയ വൃക്ഷമുണ്ടു്. പതിനൊന്നരമണി സമയത്തു അവിടെ രണ്ടു കസേരകൾ കൊണ്ടിടുവാൻ ശിപായിമാരോടു ആജ്ഞാപിച്ചു. ഇരു കക്ഷികളോടും അവരുടെ ഉപദേഷ്ടാക്കളോടും അവരുടെ വക്കീൽമാരോടും ആ താൽക്കാലിക കോടതിയിൽ ഹാജരാവാനും കല്പിച്ചു. ആ വക്കീൽമാൎക്കു ഇരിപ്പാൻമാത്രം പ്രത്യേക ഏർപ്പാടും ചെയ്തിരുന്നു.

അന്നു ജില്ലാജഡ്ജിയായിരുന്നതു് 'ഡേവിസ്സ്' എന്നൊരു ദൊരയായിരുന്നു. ഒരു പ്രത്യേക സ്വഭാവക്കാരൻ. കാക്കയുടെ കരച്ചൽ കേട്ടുകൂടാത്ത മനുഷ്യൻ. വിചാരണ സമയത്തു് കണ്ഠാരന്തുദമായ കാകന്റെ ശബ്ദം കേട്ടാൽ അതിന്നുള്ള ശിക്ഷ അനുഭവിക്കേണ്ടിവരിക ശിപായിമാരുടെ മേലധികാരിയായിരുന്ന സെൻട്രൽനാജരായിരുന്നു. ആ നാജർസാമിയുടെ ആജ്ഞ സുഗ്രീവാജ്ഞയായിരുന്നു. പക്ഷെ ഡേവിസ്സ് ദൊരയുടെ മുമ്പിൽ അദ്ദേഹം കരണം കുത്തിയിരുന്നു. കോടതിവളപ്പിൽ കാക്കയുടെ കരച്ചിൽ കേൾക്കാതെയിരിപ്പാൻ കൈയിൽ കല്ലും കവണയും വെച്ചു ശിപായിമാരെ പാറാവിന്നു തിരിച്ചുമിരുന്നു. എന്നിട്ടും വല്ലതും അത്യാഹിതം കേട്ടുപോയാൽ ഉടനെ നാജരെ "ഹെഡ്പ്യൂൺ"എന്നു സാരഗർഭമായി വിളിക്കുന്നതു കേൾക്കാമായിരുന്നു.

മരത്തിന്റെ ചുവട്ടിൽവെച്ചു മാരാർ മേളം മുഴക്കിത്തുടങ്ങി. ചന്തുമേനൊൻ താളവും പിടിച്ചുതുടങ്ങി. ഈ ശല്യമെന്തെന്നു അറിവാൻ സായ്പ് ചെവിവട്ടം പിടിച്ചുതുടങ്ങി. ബാറിൽ ഉണ്ടായിരുന്ന വക്കീൽമാരോടു ചോദിച്ചപ്പോൾ അവർ വസ്തുത പറഞ്ഞു മനസ്സിലാക്കികൊടുത്തു. ഉടനെ കോട്ട്കീപ്പരെ അയച്ചു ചന്തുമേനോനോടു ഇതു നിർത്തൽ ചെയ്യുവാൻ താൻ കല്പിച്ചതായി പറവാൻ. കോട്ട്കീപ്പരുടെ വരവുകണ്ട ഉടൻ ചന്തുമേനോൻ കണ്ണുമടച്ചു താളംപിടിച്ചു തുടങ്ങി. യജമാൻ മേളത്തിൽ ലയിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ മാരാർ പലെ എണ്ണങ്ങളും വെച്ചു ബീക്കിത്തുടങ്ങി.

ജില്ലാജഡ്ജിയുടെ ദലായത്തു ശിപായിമേനോന്റെ അടുത്തുവന്നു. ആർഡർ അറിയിപ്പാൻ ഒരു പൊഴുതും കണ്ടില്ല. ഒടുവിൽ ഒരു വിദ്യതോന്നി. ചന്തുമേനോന്റെ ദലായത്തു ശിപായോടു പറഞ്ഞു ഈ സംഗതി ഗ്രഹിപ്പിപ്പാൻ, യജമാനൻ തനിക്കു സ്വാധീനമാണെന്നു കരുതിയിട്ടുള്ള ആ പൊന്നച്ചാർ മൂപ്പരുടെ കണ്ണത്തിൽ കല്പനയുടെ സാരം മന്ത്രിപ്പാൻ ഭാവിച്ചു. ഉടനെ കണ്ണടച്ചുകൊണ്ടിരുന്ന മേനൊൻ പല്ലു കടിച്ചുകൊണ്ടു് തന്നെ ഉപദ്രവിച്ച വിദ്വാന്നു് ഒരു ഉറുപ്പിക പിഴ എന്നുത്തരവായി. തനിക്കു പററിയ അമിളിയെ അറിയിപ്പാനായി ജില്ലാജഡ്ജിയുടെ ദലായത്തു ശിപായി മടങ്ങിപ്പോകയും ചെയ്തു.

ഒടുവിൽ ഡേവിസ്സ് ദൊരതന്നെ അകമ്പടി കൂട്ടത്തോടു കൂടി രാഗത്തിൽ എഴുന്നള്ളി. മാരാരുടെ മേളം കേൾപ്പാൻ! അതെ, ചന്തുമേനോനൊടു പറഞ്ഞു. ഈ ശല്യം ഇല്ലാതാക്കുവാൻ, മനക്കണ്ണുകൊണ്ടു ഇതെല്ലാം മുൻകൂട്ടി കരുതിയിരുന്ന മേനോൻ ദൊര അടുത്തെത്തിയപ്പോൾ വേഗം എണീററു കയ്യുകൊടുത്തു അടുത്ത കസേരയിൽ പിടിച്ചിരുത്തി. താനും ഇരുന്നു. ഈ ആവശ്യം വരുമെന്നു കരുതിയാണല്ലൊ മറെറാരു കസേര കാലെക്കൂട്ടി തെയ്യാറാക്കി വെപ്പിച്ചതും. ദൊരക്കൂടി തന്റെ മേളം കേൾപ്പാൻ എഴുന്നള്ളിയപ്പോൾ മാരാർ മുമ്പത്തെതിലും ഉത്സാഹഭരിതനായി "ഇറങ്ങനെ ഇറങ്ങനെ" എന്നു പൂർവ്വാധികം മുഴക്കിത്തുടങ്ങി. സ്വല്പംകൂടി കഴിഞ്ഞാറെ ദൊരയുടെ ആവശ്യപ്രകാരം മേനോൻ നിൎത്തൽചെയ്യാൻ പറഞ്ഞു.

No: 6065

"ഇതെന്തൊരു തൊന്തരവാണു ദൈവമേ" എന്നു ദൊര ചോദിച്ചപ്പോൾ മൂപ്പരെ കേസിൻെറ സ്വഭാവമെല്ലാം പറഞ്ഞു മനസ്സിലാക്കികൊടുത്തു. ഇപ്രകാരമല്ലാതെ അന്യായക്കാരൻെറ യോഗ്യത അറിവാൻ വഴിയുണ്ടായിരുന്നില്ലെന്നും അന്യായക്കാരൻെറ യോഗ്യതാനുസരണം പ്രതിഫലം കല്പിക്കേണ്ടതാകയാൽ ഇപ്രകാരം ചെയ്യിച്ചതാണെന്നു് പറകയും മാരാക്കു് രണ്ടുറുപ്പിക ദക്ഷിണ തൻെറ കയ്യിൽ നിന്നെടുത്തു് ദൊരയെക്കൊണ്ടു മാരാക്കു കൊടുപ്പിക്കയും ചെയ്തു. അന്യായപ്രകാരമുള്ള സംഖ്യക്കും കോടതിച്ചിലവിന്നും വിധികല്പിച്ചു എന്നു എടുത്തുപറയേണ്ടതില്ലല്ലൊ. കേസ്സുകൾ തീർപ്പുകല്പിക്കുമ്പോൾ മേനോൻ എത്ര സത്യസന്ധനായിരുന്നു എന്നു ഇതിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.

## 9. മാനവും കിണിയും.

സ്വൎഗ്ഗത്ത മഠംഎന്നു നിങ്ങൾ കേട്ടിട്ടുണ്ടോ ആവോ. കോഴിക്കോട്ടു തളിയിലാണു് ഈ മഠം. സ്വൎഗ്ഗസുഖം ഉടമസ്ഥന്മാർ അനുഭവിക്കുന്നുണ്ടായിരിക്കാം. എന്നാൽ കോഴിക്കോട്ടുകാൎക്കു അനുഭവമാകുന്ന കൊതുകടി ഇവിടേയും സുലഭമാണു്. ആ മഠത്തിൽ വാസുദേവ കിണി എന്നൊരു മാന്യൻ ഉണ്ടായിരുന്നു. ഞാൻ നേരിട്ടറിയുന്ന ഒരു ദേഹം. അദ്ദേഹം പറഞ്ഞ തൻെറ അനുഭവമാണു് ഇവിടെ പറവാൻ പോകുന്നതു്.

കിണി ഒരു ദിവസം വൈകുന്നേരം കോഴിക്കോട്ടു അങ്ങാടിയിൽനിന്നു ഒരു ചാക്കു റങ്കൂൺ പുഴുങ്ങലു് നെടി

KOTTAYAM PUBLIC LIB

യരിവാങ്ങി ഒരു കൂലിക്കാരനോടു തൻെറ മഠത്തിൽ കൊണ്ടെത്തിപ്പാൻ ശട്ടം ചെയ്തു. അവൻെറ കൂലിയും മുൻകൂറായിതന്നെ കയ്യിൽ കൊടുത്തു. സ്വാൎത്ഥം അറിയില്ലെ. അവിടെ കൊണ്ടുപോയി കൊടുത്തേക്ക എന്നും പറഞ്ഞയച്ചു. കിണി കോഴിക്കോട്ടു ഒരു പ്രമാണിയും ഗവൎമ്മെണ്ടു ഉദ്യോഗസ്ഥനുമായിരുന്നു. കിണി മുതലാളിയോടു ശരി എന്നു പറഞ്ഞു് കൂലിക്കാരൻ ചുമടും പേറി സ്വാൎത്ഥം സ്വാൎത്ഥം എന്നു ഉരുവിട്ടും കൊണ്ടു് തളിയിലേക്ക പുറപ്പെട്ടു. കൂലിക്കാർ സ്വതവെ മൎയ്യാദക്കാരും പീടികയെ ആശ്രയിച്ചു കാലം കഴിയുന്ന വരുമാകയാൽ അവരെ വിശ്വസിച്ചു ചുമടുകൾ കൊടുത്ത യക്കുന്നതു അന്നുംഇന്നും പതിവാണു്.

വരുന്നവഴിക്കു് കൂലിക്കാരൻ മാപ്പിള തൻെറ കെട്ടി യോളെക്കണ്ടു. അവളോടു രണ്ടുവാക്കു് പയക്കംപറഞ്ഞു ചുമടിനെ അടുത്തുള്ള അത്താണിയിൽ ഇറക്കിവെച്ചു, തൻെറ കോന്തലയിൽ ഉണ്ടായിരുന്ന ചില്വാനം അവളെ ഏല്പിച്ചു, ചുമടും എടുത്തു പുറപ്പെട്ടു. അപ്പോഴെക്കും താൻ മനസാ ഉരുവിട്ടുകൊണ്ടിരുന്ന സ്വാൎത്ഥം മറ ന്നിരിക്കുന്നു. വളരെ ഓൎമ്മിച്ചു നോക്കി. 'സ' എന്നൊരു വാക്കു ഓൎമ്മയിൽവന്നു. അപ്പോഴേക്കു കോടതിയിൽനിന്നു മടങ്ങിവരുന്ന ചിലകക്ഷികൾ "സബ്ബ്ജഡ്ജി അങ്ങിനെ കല്പിച്ചു ഇങ്ങിനെ വിധിച്ചു" എന്നും മററും സംസാരിച്ചു പോകുന്നതുകേട്ടു. ശരി, മനസ്സിലായി എന്നു സന്തോ ഷിച്ചു. തളിയിലെ സബ്ബ്ജഡ്ജിമഠം അന്വേഷിച്ചു പുറ പ്പെട്ടു. ഗൃഹം കണ്ടുപിടിപ്പാൻ പെരുത്തു ശ്രമമൊന്നും

വേണ്ടിവന്നില്ല. പടിപ്പുര കയറിനോക്കി. ആരേയും പുറത്തു കണ്ടില്ല. പടിപ്പുര കഴിഞ്ഞതും ചെറിയൊരു പൂന്തോട്ടമാണു്. അതുവും കഴിഞ്ഞാണു് പൂമുഖം. അവിടെച്ചെന്നു രണ്ടുമൂന്നു പ്രാവശ്യം വിളിച്ചു നോക്കി. നിശ്ശബ്ദം. അരിച്ചാക്കിനെ കോലായിൽ ഇറക്കി. ആവു എന്നു് ഒന്നു് തെളിഞ്ഞു്, കൈകുടഞ്ഞു് അവൻ അവ ൻെറ പാട്ടിൽ പോകയും ചെയ്തു. വാലിയക്കാരൻ വന്നാൽ എടുത്തുവെപ്പിച്ചോളും. പുറമെനിന്നു വല്ലവരുംവന്നു സമയഭേദംകൊണ്ടു കോച്ചിക്കൊണ്ടുപോകുവാൻ വഴി ഇല്ലാ ത്തതുമാണു്. അതായിരുന്നു കൂലിക്കാരൻെറ ധൈര്യം.

കിണി മടങ്ങിവന്നതു് രാത്രി ഒമ്പതു മണിക്കു ശേഷ മായിരുന്നു. വീട്ടിൽചെന്നു അന്വേഷിച്ചപ്പോഠം അരി ച്ചാക്കു വന്നിട്ടില്ല. രാവിലത്തെ വെപ്പിന്നു് അരി ശൂന്യം. പോരെ പൂരം. ഇതിനും പുറമെ ഭാര്യയുടെ ശകാരം അങ്ങിനെ. ഉടനെ ഓടിപ്പോയി അരിപ്പീടികയിലേക്കു് കൂലിക്കാരനെ കണ്ടുപിടിപ്പാൻ. പീടിക പൂട്ടിപ്പോയിരി ക്കുന്നു. മുതൽ പോവില്ലെന്നു ധൈര്യമുണ്ടു്. എങ്കിലും രാവിലെ വെപ്പിന്നു് അരി ?

നമ്മുടെ സരസകവി കോടതിപിരിഞ്ഞു മടങ്ങി വന്നതു് വൈകുന്നേരം ആറുമണിക്കുശേഷമായിരുന്നു. അപ്പോഴുണ്ടു് ഒരു ചാക്കു നാഥനില്ലാതെ കോലായിൽ കിടക്കുന്നു. തൻെറ കയ്യിൽ എപ്പോഴും ഉണ്ടാവാറുള്ള വടികൊണ്ടു് ആ ചാക്കിൽ എന്താണെന്നു കുത്തിനോക്കി. കുറെ അരി പുറത്തു ചാടി. വാലിയക്കാരോടും ഗൃഹണി

യോടും മററു വീട്ടിലുള്ളവരോടും അന്വേഷിച്ചു. യാതൊരു തുമ്പുംവാലും ഉണ്ടായില്ല. ഇതിൽ എന്തെങ്കിലും ഒരു തമാശ ഉണ്ടാവുമെന്നു കരുതി കോടതിവേഷം അഴിച്ചു മാററി പൂമുഖത്തുള്ള ചാരുകസേരയിൽ ഇരിപ്പുറപ്പിച്ചു.

നമ്മുടെ ഭാഗവതർ ഉണ്ടല്ലോ; കഥകളി മാനു ഭാഗവതര്. അദ്ദേഹം നിത്യനായിരുന്നു മൂപ്പരുടെ മുമ്പിൽ. മുട്ടുതീരാത്ത കുഡുംബം. പാവം. എന്തെങ്കിലും ആവശ്യം നേരിട്ടാൽ ഉടനെ ചന്തുമേനോനെ കാണാൻ ഓടിച്ചെല്ലും. സമയംനോക്കിക്കൂട്ടും. ഒന്നു മൂളും, ലയകരമായി രണ്ടുപാട്ടുപാടും. മേനോൻ തലകുലുക്കും. ആവശ്യം സാധിപ്പിച്ചു കൊടുക്കും. ഇതു് പതിവുള്ള സംഗതികളാണു്.

ഭാഗവതർ അന്നേദിവസം വൈകുന്നേരം മേനോനെ കാണാൻ ചെന്നിരുന്നു. രണ്ടുറപ്പിക വേണം മഠത്തിലേയ്ക്കു അരിവാങ്ങുവാൻ. ഭാഗവതര് വന്ന കാര്യം മനസ്സിലായപ്പോൾ മേനോൻ മനസാ ഒന്നു രസിച്ചു ചിരിച്ചു. ഭാഗവതരോടു ഒരു കൂലിക്കാരനെ കൊണ്ടുവരുവാൻ പറഞ്ഞു. കാര്യം ഇന്നതാണെന്നു മനസ്സിലായില്ലെങ്കിലും കൂലിക്കാരനോടുകൂടി ഭാഗവതർ തെയ്യാറായി' ഇതാരോ എനിക്കു കയ്ക്കൂലിക്കായി കൊണ്ടുവന്നതാവണം. ഞാൻ ആമാതിരി ദുർവൃത്തികൾക്കു വശഗതനാവുകയില്ലെന്നു അറിഞ്ഞുംകൊണ്ടു ഇപ്രകാരം പ്രവൃത്തിച്ചാളെ ഒരു പാഠം പഠിപ്പിച്ചേക്കാം. ഇതാ ഒരു ചാക്കരി കൊണ്ടുപോയ്ക്കോളു" എന്നു കല്പിച്ചു. മാനു സന്തോഷഭരിതനായി കൂലിക്കാരനേയും കൂട്ടി ഒരു പാച്ചൽ.

കിണി പിറെറദിവസം രാവിലെ കൂലിക്കാരനെ തേടിപിടിച്ചു. അരിച്ചാക്കു പോയ സ്ഥലം അറിഞ്ഞതപ്പോഴാണു് അദ്ദേഹം അമ്പരന്നതു്. കിണി സുമാറ് ഒമ്പതു മണിയോടുകൂടി മൂപ്പരുടെ ബങ്കളാവിൽ ചെന്നു. കുശലപ്രശ്നം കഴിഞ്ഞശേഷം വന്നകാൎയ്യം പറഞ്ഞു. ഒ, അതിന്നെന്താ, മാന്യന്ന് ആളയക്കാ എന്നുത്തരവായി.

പെട്ടെന്നു വിളിക്കാൻ വന്നതുകൊണ്ടു് ഭാഗവതര് ഊഹിച്ചതു വല്ലകഥകളി അരങ്ങിന്നു ഏൎപ്പാടു ചെയ്യാൻ ആയിരിക്കാം എന്നായിരുന്നു. ഭാഗവതര് വന്നതും "ഹ, മാനു, എനിക്കൊരു തെററുപററിപ്പോയി. ഇന്നലെ ഒരു ചാക്കു അരി കൊണ്ടുപോയില്ലെ. അതു നമ്മുടെ കിണിയുടെതാണത്രെ. അന്യന്റെ മുതൽ അപഹരിക്കുന്നതു് അനുചിതമാണെന്നു മാന്യനു അറിയാമല്ലൊ. അതിനാൽ ആ ചാക്കരി കിണിക്കു മടക്കികൊടുത്തേയ്ക്കൂ. പക്ഷെ കിണി! ഒന്നു നിങ്ങൾ സമ്മതിക്കുന്ന കാൎയ്യമാണല്ലൊ. ബ്രാഹ്മണന്നു് അറിഞ്ഞോ അറിയാതെയൊ ദത്തം ചെയ്തതു പ്രതിഫലം കൂടാതെ തിരുച്ചുവാങ്ങരുതെന്നു നൃഗരാജാവിന്റെ കഥ നമുക്കെല്ലാം അറിവുള്ളതാണല്ലൊ. പോരെങ്കിൽ ബ്രാഹ്മണർ പഴയരിയാണു് ഉണ്ണുക പതിവു അതിനാൽ ഒരു പഴയരി ചാക്കു മാന്യന്നു് കൊടുത്തിട്ടു് ഈ ചാക്കരി മടക്കിവാങ്ങിക്കോളു. ഇതാണു എന്റെ തീൎച്ച" എന്നു കല്പിച്ചു. കിണിയും മാനുവുമായി ആ അരിച്ചാക്കു് ഓഹരിവെച്ചിട്ടുണ്ടാവാം; എത്ര രസകരമായ വിധിന്യായം!

## 10. പട്ടരുടെ പാട്ട്.

ചന്തുമേനോൻ കോടതിയിൽ പുറപ്പെട്ട കുതിരവണ്ടിയിൽ കയറാൻ ഭാവിച്ചു ഒരു കാൽ ഇരുമ്പു പടിയിൽ ചവിട്ടി നിൽക്കുന്ന സമയത്താണ് ഒരു ബ്രാഹ്മണൻ ചെന്നു വന്ദിച്ചതു്. ആ നിന്ന നിലയിൽതന്നെ നീണ്ടുംകൊണ്ടു് 'എന്ത' എന്നു പ്രശ്നംചെയ്തു. 'ഞാൻ ഒരു ഭാഗവതരാണ്. ഇവിടെക്ക ഒരു കത്തുമുണ്ടു' എന്നു പറഞ്ഞു കീശയിൽനിന്നു ഒരു കത്തെടുത്തു നീട്ടി. ശരി, പാടിക്കോളു എന്നായി മൂപ്പര്. ഭാഗവതര് ഇളിഭ്യനായി· പാട്ടു സാമി! ഭാഗവതർ ആണെന്നല്ലെ പറഞ്ഞെ. ഉ-ം, വേഗാട്ടെ! എന്നായി മേനൊൻ. ഈ സംഭവം നട്ടുറോഡിൽ വെച്ചാകയാലും പകൽ പതിനൊന്നു മണി സമയമാകയാലും അല്പാല്പം ജനങ്ങൾ അവിടവിടെ തമാശ കാണ്മാൻ കൂടി. 'ഞാൻ വൈകുന്നേരം വന്നോളാം' എന്നായി ബ്രാഹ്മണൻ ഭയവിഹ്വലചിത്തനായി. 'എനിക്ക വൈകുന്നേരം സമയമുണ്ടാവില്ല. ഇപ്പോൾതന്നെ കഴിഞ്ഞോട്ടെ! എന്നായി മൂപ്പര്. പട്ടർ വട്ടത്തിലായി. 'അപ്പാ നീങ്ങൾക്ക പാടാൻ അറിയാമെന്നു പറഞ്ഞതു കളവാണ്. അല്ലെ. എവിടന്നാ വരുന്നതു്' എന്നു ചോദിച്ചു പിന്നെ സരസകവി. പാലക്കാട്ടിന്നാണ എന്നു മറുപടികിട്ടിയതും പാലക്കാട്ടക്ക അടുത്ത വണ്ടിക്ക എന്താ കൂലി എന്നായി പിന്നത്തെ ചോദ്യം. പതിന്നാലണ എന്നു പറയേണ്ട താമസം വാലിയക്കാരനെ വിളിച്ചു പതിന്നാലണ ഭാഗവതക്ക് കൊടുക്കാൻ പറഞ്ഞു. അകത്തു് ചില്ലറയായി ഇല്ലെന്നു ശിഷ്യൻ പറഞ്ഞാറെ ഉറ

പ്പിക മാററികൊണ്ടുവാ എന്നുച്ചത്തിൽ പറകയും ബ്രാഹ്മണന്നു് പതിന്നാലണ ദത്തംചെയ്തു വണ്ടിയിൽ കയറി പോകയും ചെയ്തു. സമയം നോക്കാതെ ചെന്നു ചാടിയതിന്നുള്ള ശിക്ഷ-ക്ഷ-യാവുകയും ചെയ്തു.

## II. അഡ്വൊക്കേററും പാറവക്കീലും.

തൻെറ മുമ്പിൽ ഒരു കേസ്സു നടത്തുവാനായി മദിരാശിയിൽനിന്നു ഒരു ഹൈക്കോടതിവക്കീൽ വരുന്നതായി അറിഞ്ഞു മൂപ്പര് സ്റ്റേഷനിൽചെന്നു എതിരേററു അദ്ദേഹത്തെ കൂട്ടികൊണ്ടുവന്നു ഒരുനേരത്തെ വിരുന്നും കഴിച്ചു. ഇദ്ദേഹമാണു സർ. സി. ശങ്കരൻനായരാണെന്നാണു് അറിയുന്നതു്. ഇതു കണ്ടതും എതൃകക്ഷിയുടെ വയറൊന്നു കാളി. ആ ഭാഗം വക്കാലത്തുകൊടുത്തിരുന്നതു് ഒരു പഴയ മലയാള വക്കീലിന്നായിരുന്നു 'പാറവക്കീൽ' എന്നു വേണമെങ്കിൽ പറയാം. ഭേദപ്പെട്ട ഒരു വക്കീലിനെ കടലാസ്സു ഏല്പിപ്പാൻ ആ കക്ഷിക്കു പ്രാപ്തിയുമുണ്ടായിരുന്നില്ല. എന്താണു് പാറവക്കീൽ എന്നാണോ നിങ്ങളുടെ ചോദ്യം. രസികശിരോമണിയായിരുന്ന കേസരിനയനാർ ഒരു ലേഖനത്തിൽ ഇവരുടെ പ്രസംഗരീതി വെളിപ്പെടുത്തീട്ടുണ്ടു്. അതു ഇപ്രകാരമാണു് "ഈ കാര്യത്തിൽ മൂന്നു സംഗതികളാണു മുഖ്യമായി ബോധിപ്പിക്കാനുള്ളതു്. അന്യായക്കാരൻ വലിയ ജന്മിയാണു്. പ്രബലനാണു്. പ്രതി സാധുവും കുഡുംബിയുമാണു്. രണ്ടാമത്തെ സംഗതി രേഖാലക്ഷ്യങ്ങളെക്കൊണ്ടു് തെളിയുന്നതാണു്. മൂന്നാമത്തേതു പ്രത്യേകം ബോധിപ്പിക്കേണ്ടതുമില്ല. ഇത്രമാത്രമാണു് ഈ കാര്യത്തിൽ കോടതിയെ ധരിപ്പിക്കാനുള്ളതു്."

ഇത്രകൂടി ശരിയാംവണ്ണം കോടതിയിൽ എണീററുപറ വാൻ വയ്യാത്ത അഡ്വൊക്കേററുമാരെ ഞാൻ അറിയും. അതിനാൽ ആരും തുറിച്ചു നോക്കണ്ട. എന്നുതന്നെയല്ല, മദിരാശിയിൽനിന്നും ഒരു പ്രബലനായ വക്കീൽ കേസ്സ് നടത്താനായി വരിക, ന്യായാധിപതിതന്നെ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരിക, എന്നിട്ടു ഒരു വിരുന്നും കഴിക്കുക. ഇങ്ങനെയാവുമ്പോൾ തന്റെ ഭാഗം കേസ്സ് "തോററു" എന്നു വിചാരിക്കുന്നതിൽ ഒരസാംഗത്യവുമില്ലല്ലോ. ആ സാധു 'കുക്ഷിയിൽ കൈവെച്ചു ദിക്ഷുവിവശനായി' അഭിനയിച്ചുതുടങ്ങി. വിധി പറഞ്ഞപ്പോളാണു മേനോന്റെ മേനി പുറത്തായതു്. മദിരാശിയിൽനിന്നു വന്ന വക്കീലിന്റെ ഭാഗം കേസ്സു പൊളിഞ്ഞു പാളീസ്സായി എന്നു്.

## I2. മകളുടെ പരിണയം.

താൻ പ്രകൃത്യാ പരിഹാസശീലനാണെങ്കിലും തന്നെയും കളിയാക്കുന്നതു ചന്തുമേനോന്നു് സന്തോഷമാണെന്നു എടത്തറ നായരുടെ കഥയിൽനിന്നു മനസ്സിലായല്ലൊ. ചന്തുമേനോന്റെ മകളുടെ പുടമുറിദിവസം. കോഴിക്കോട്ടുള്ള പ്രധാനപ്പെട്ട പൌരജനങ്ങൾ നിറഞ്ഞ സദസ്സ്. വരൻ കൊച്ചി ചീഫ്ജസ്റ്റിയായിരുന്ന പാട്ടത്തിൽ നാരായണമേനൊൻ. പലരും വിവാഹവേളയിൽ ദമ്പതിമാരെ ആശീർവ്വചനം ചെയ്തു. അപ്പോൾ ഒരു സരസൻ നമ്പൂതിരി പറഞ്ഞതാവിതു. "ഒക്ക-ക്ഷ-യായി. പക്ഷെ ഒന്നുമാത്രം നന്നായില്ലെന്നും. മകളെ 'പാട്ടത്തിന്നു' കൊടുത്തതു്. എല്ലാവരും ഉറക്കെ ചിരിച്ചു. കൂട്ടത്തിൽ ചന്തുമേനോനും കുമ്പ കുഴക്കിയുംകൊണ്ടു.

## 13. ഭ്രാന്തന്നു കൊടുത്ത സമ്മാനം

കുതിരവട്ടത്തുള്ള ഭ്രാന്താസ്പത്രിയുടെ ഓണററി സന്ദർശകനായിരുന്നു ചന്തുമേനോൻ. ഒരു ദിവസം ആസ്പത്രി വാർഡിൽക്കൂടി ഡാക്ടരൊന്നിച്ചു ഭ്രാന്തന്മാരുടെ മുറികളുടെ വറാന്തയിൽക്കൂടി നടന്നുപോകയായിരുന്നു. ആ സമയത്തു് ഇരുമ്പഴിയുടെ സമീപം ഒരു ഭ്രാന്തൻവന്നു നിന്നു് മേനോനെ ആപാദചൂഡം ഒന്നു വീക്ഷിച്ചു ചിരിച്ചു. ഇതുകണ്ടു മേനോൻ കുറെനേരം അവനെ നോക്കിനിന്നു. അപ്പോൾ ആ ഭ്രാന്തൻ മേനോനോടു 'എജമാൻ പ്രസവിച്ചാൽ ഒരു കുട്ടിയെ എനിക്കു തരണേ" എന്നു പറഞ്ഞു. മേനോൻ ആറടി പൊക്കവും അതിനൊത്ത വണ്ണവും നല്ല ദേഹപ്രകൃതിയും കുടവയറുമുള്ള ഒരാളായിരുന്നു. മേനോന്നു ഗർഭമാണെന്നും ഒന്നിലധികം കുട്ടികളെ പ്രസവിക്കും എന്നുമാണല്ലോ ഭ്രാന്തന്റെ ന്യായം. ഈ ഫലിതം കേട്ടുരസിച്ചു് ഭ്രാന്തന്നു ഒരു ഉറുപ്പിക സമ്മാനിച്ചു.

## 14. അയ്യർക്കു് പററിയ അമിളി.

അങ്ങിനെ ഇരിക്കുന്ന കാലത്താണു് താടിയും മീശയുമായി ഒരു ബ്രാഹ്മണൻ മേനോനെ കാണാൻവന്നതു്. ശക്തിക്കനുസരിച്ചും അതിലധികവും മേനോൻ ദാനധർമ്മങ്ങൾ ചെയ്യാറുണ്ടെന്നു അറിഞ്ഞാണു് അദ്ദേഹം വന്നതു്. ബ്രാഹ്മണൻ കണ്ടാൽ സുന്ദരനാണെന്നു പറയാം. വയസ്സു മുപ്പത്തഞ്ചിൽ അധികമായിട്ടില്ല. താൻ ഒരു വലിയ പരാധീനക്കാരനാണെന്നും രണ്ടു പെൺകുട്ടികളെ വേളി കഴിച്ചുകൊടുക്കുവാൻ വൈകിയിരിക്കുന്നു എന്നും എന്തെ

ങ്കിലും ഒരു ധനസഹായമാണ് അഭ്യൎത്ഥന എന്നും പറഞ്ഞാണ് വന്നത്. പാലക്കാട്ട് ഏതൊ ഒരു കുഗ്രാമക്കാരനാണെന്നും പറഞ്ഞു. രണ്ടു കുട്ടികൾക്കും കൂടി സ്വമാറ് എന്തുവേണ്ടിവരുമെന്നു ചോദിച്ചു നമ്മുടെ മൂപ്പര്. ഒരു മുവ്വായിരം ഉറുപ്പിക ഉണ്ടെങ്കിൽ ഉപായത്തിൽ കഴിച്ചുകൂട്ടാമെന്നായിരുന്നു ഇദ്ദേഹത്തിൻെറ മറുപടി. ശരി, അതിന്നായി അലഞ്ഞു നടക്കേണ്ടാ. ഞാൻ തരിപ്പിക്കാം മുവ്വായിരവും. പക്ഷെ ഒരു കാൎയ്യംമാത്രം ഞാൻ പറയുംപോലെ കേൾക്കേണ്ടിവരും, എന്നായി മേനോൻ. രണ്ടണ കയ്യിൽ കൊടുത്തു ഹോട്ടലിൽചെന്നു ഊൺ കഴിച്ചുവരുവാൻ പറഞ്ഞയച്ചു. ഊൺ കഴിഞ്ഞു വന്നാറെ മേനോൻ പറഞ്ഞതു" അദ്ദേഹത്തിൻെറ ചാൎച്ചയിൽ ഒരു സ്ത്രീക്ക് ഗൎഭശങ്കയുണ്ടെന്നും പുടമുറി കെട്ടു കഴിഞ്ഞിട്ടില്ലെന്നും അതിന്നൊരാളെ അന്വേഷിച്ചു വരികയാണെന്നും ബ്രാഹ്മണസംബന്ധമാണു ആ തറവാട്ടിൽ ശ്ലാഘനീയമായി കരുതിവരുന്നതു് എന്നും ആ സ്ത്രീ ഇപ്പോൾ അവിടെ ഉണ്ടെന്നും സാമിക്കു ബോദ്ധ്യമായാൽ ആ സ്ത്രീക്കു പുടമുറി നടത്തികൊടുപ്പാൻ തെയ്യാറുണ്ടെങ്കിൽ ആ മുവ്വായിരം തികച്ചും തരിപ്പിക്കാമെന്നും" ആയിരുന്നു. ബ്രാഹ്മണൻ ആനന്ദസാഗരത്തിൽ മുങ്ങി നീന്തിത്തുടിച്ചുതുടങ്ങി. സംബന്ധം അടുത്താവാമെന്നും തീരുമാനിച്ചു.

പിറെറന്നു കാലത്തു ബ്രാഹ്മണന്നു് രണ്ടണ കൊടുത്തു് താടിയും മീശയും കളയിച്ചു കുളിച്ചുവരുവാനായി പറഞ്ഞയച്ചു. സോപ്പും മററും കൊണ്ടു് തേച്ചുകുളിച്ചു് സുന്ദരബ്രാഹ്മണനായി വന്ന അദ്ദേഹത്തെ നല്ല വെള്ള

ഉടുപ്പിച്ച് ചന്ദനക്കുറി ചാർത്തി പുല്ലായിൽ വന്നിരുന്ന് മുറുക്കാൻ പറഞ്ഞു് ഉപചാരംചെയ്തു. തത്സമയം ആ വസതിയിലേയ്ക്കു വരുവാൻ മജിസ്ട്രേട്ട്, താസിൽദാർ മുതലായവരെ ക്ഷണിച്ചിരുന്നു. പുതിയാപ്പിളയെ എല്ലാവർക്കും പരിചയപ്പെടുത്തി. പിന്നീടു കുട്ടിയെ കാണണ്ടെ എന്നു ബ്രാഹ്മണനോടു ചോദിച്ചു. ബ്രാഹ്മണനാണെങ്കിൽ നൃത്താഗാരത്തേക്കുള്ള കീചകൻെറ പുറപ്പാടിലും കവിഞ്ഞ നിലയിലാണു് സ്ഥിതി ചെയ്യുന്നതു്.

മേനോൻ ശിഷ്യത്തിയെ പറഞ്ഞയച്ചു 'ലക്ഷ്മിയെ' കൂട്ടിക്കൊണ്ടുവരുവാൻ. സാക്ഷാൽ മഹാലക്ഷ്മിയെപ്പോലെ രൂപലാവണ്യമുള്ള 'ലക്ഷ്മി' ലജ്ജാഭരിതയായി, നമ്രമുഖിയായി രാവണവിജയത്തിലെ രംഭയെപ്പോലെ മന്ദം മന്ദം വന്നു മുഖം പകുതി കാണിച്ചുകൊണ്ടു് വാതിൽപൊളിയിൽ മറഞ്ഞുനിന്നു. മേനോൻെറ കല്പനപ്രകാരം ലക്ഷ്മി പിന്നീടു പ്രത്യക്ഷത്തിൽ രംഗപ്രവേശം ചെയ്തു. ബ്രാഹ്മണൻ ആപാദചൂഡം കേശാദിപാദം ഒന്നു നോക്കി ഭ്രമിച്ചു. കലശലായി ഭ്രമിച്ചു. സൂരി നമ്പൂതിരിപ്പാട് ഇന്ദുലേഖയേയും അവളുടെ അമ്മ ലക്ഷ്മിക്കുട്ടിയേയും ഭ്രമിപ്പിച്ചതിൽ ഒരു മാററു കൂടുതലായി. 'എന്താ സാമി! സമ്മതമല്ലെ, എന്നായി മേനോൻ ഒരു പച്ചച്ചിരിയോടു കൂടി. സമ്മതമാണെന്നു ആ മുഖഭാവംകൊണ്ടു പറഞ്ഞു ആ സാധുബ്രാഹ്മണൻ.

അതുവരെ ഉണ്ടായിരുന്ന മേനോൻെറ ഭാവരസമൊക്കെയും ഒന്നു തകിടംമറിഞ്ഞു. "എന്താ പട്ടരെ! കോമട്ടി! എൻെറ ഭാര്യയെ രഹസ്യം പിടിക്കാൻ വന്നതാ? പിടിച്ചു

കെട്ടടാ പട്ടരെ. ഒരു പന്ത്രണ്ടു അടിയും' എന്നു ഗർജ്ജിച്ചു. "താടിയും തലയും നീട്ടി നടക്കുന്നതു് പെണ്ണുള്ളേടം പണമുള്ളേടം' തിരഞ്ഞുംകൊണ്ടാണല്ലെ." ഇതു കേട്ടതും പട്ടർ വിറച്ചുതുടങ്ങി. വിഷജ്വരമാണെങ്കിൽക്കൂടി ഇത്ര കലശലായി വിറക്കില്ല. തീച്ച്. പട്ടൎക്കു പുറത്തുപോവാൻ മാൎഗ്ഗമില്ലാതെ ഗേററു പൂട്ടിയുമിരിക്കുന്നു.

സാധുബ്രാഹ്മണൻ. ഏങ്ങിക്കരഞ്ഞു. മാപ്പുപേക്ഷിച്ചു. ഒടുവിൽ രണ്ടുറുപ്പിക സംഭാവനചെയ്തു അദ്ദേഹത്തെ പറഞ്ഞയച്ചു.

## 15. കേയിക്ക് കല്പിച്ച പിഴ.

ഇനിയൊന്നു പറയാനുള്ളതു് സഭ്യേതരമല്ലെങ്കിലും യഥാൎത്ഥസംഗതികളെ പറയാതിരിപ്പാൻ മനസ്സാക്ഷി അനുവദിക്കുന്നില്ല. ഒരു ക്രമനമ്പ്രിൽ സാക്ഷിയായി വന്നിരുന്നതു് തലശ്ശേരിക്കാരൻ ഒരു 'കേയി'ആയിരുന്നു. ഒരു ഭേദപ്പെട്ട കച്ചവടക്കാരനായിരുന്നു കേയി. ഒരു രസികനുമായിരുന്നു അദ്ദേഹം. കേയി കൂട്ടിൽ കയറി സത്യവാചകം പറഞ്ഞു വിസ്താരം തുടങ്ങുന്നതേ ഉള്ളൂ. തനിക്കു കൂട്ടിന്നിറങ്ങി ഒന്നു പുറത്തുപോയിവരുവാൻ സമ്മതം വേണമെന്നു കേയി കോടതിയോടു് അപേക്ഷിച്ചു. കാൎയ്യം പറഞ്ഞതുമില്ല. കൂട്ടിൽ കയറിക്കഴിഞ്ഞാൽ വിസ്താരം കഴിയാതെ ഇറങ്ങുവാൻ നിയമം അനുവദിക്കുന്നതല്ലെന്നു പറഞ്ഞു മേനോൻ. വായുക്ഷോഭക്കാരനായ കേയി അതുവരെ അടക്കിവെച്ചിരുന്ന അധോവായുവിനെ നിവൃത്തിയില്ലാതെ പുറത്തേയ്ക്കു നിൎഗ്ഗമിപ്പിച്ചു. കോടതിയെ

അപമാനിച്ച കുററത്തിന്നു ഒരു ഉറുപ്പിക പിഴ എന്നു മൂപ്പരും കല്പിച്ചു. ഉടനെ കേയി കൂട്ടിൽനിന്നുതന്നെ തൻെറ കാര്യസ്ഥൻ മോയിയെ വിളിച്ചു ഒരു പച്ചനോട്ട് ഏമാന്നു കൊടുക്കേക്കു. എന്നു പറഞ്ഞു. നൂറു ഉറുപ്പികയുടെ ഒരു നോട്ടു മേശപ്പുറത്തു വീണു. 'ഇവിടെ ബാക്കി തരാനില്ല. നോട്ടുമാറീട്ടു പിന്നെ തന്നാൽ മതി. എന്നു കോടതി ഉത്തരവായി. അപ്പോൾ കേയി 'അല്ല, എമാന്നാ. ഞമ്മ ഇപ്പോ കൂട്ടീക്കയറീട്ടല്ലെ ഉള്ളു. ഇറങ്ങുമ്പോഴക്ക് എത്ര പിഴയാ തരേണ്ടിവരു് എന്നു രൂപമില്ല കണക്കുനോക്കി ബാക്കി ഉണ്ടെങ്കു് തന്നാൽ മതി" എന്നു പറഞ്ഞു. മറുപടി കേട്ടു രസിച്ചു 'സമത്ഥൻ' എന്നു പറഞ്ഞു നോട്ടു തിരിയെ കൊടുത്തു.

## 16. സായ്വിന്നു സദ്യ.

ചെണ്ടമേളം നിമിത്തം അസഹ്യത അനുഭവിച്ച ഡേവിസ്സ്ദൊരയേയും അദ്ദേഹത്തിൻെറ ദൊരശാണിയേയും ഒരു ദിവസത്തെ വിരുന്നിന്നു ക്ഷണിച്ചിരുന്നു നമ്മുടെ മേനോൻ. സദ്യവട്ടം മലയാളമട്ടിലായിരുന്നു. കാളൻ, ഓലൻ, എരിശ്ശേരി, പാലടപ്രഥമൻ ഇവയായിരുന്നു വിഭവങ്ങൾ. കുറെ വെള്ളരിച്ചോറും വെള്ളിക്കിണ്ണങ്ങളിലാക്കി മേശപ്പുറത്തു വെച്ചിരുന്നു. സായ്പും മദാമ്മയും ഒരു മേശയുടെ ഇരുപുറമായി ഇരുന്നു. മുള്ളും സ്പൂണും ഒന്നും ഇല്ലാതിരുന്നതിനാൽ കിണ്ണത്തിലുള്ളതു് തൊള്ളയിലാക്കുവാൻ ഇരുവരും വിഷമിച്ചുനിന്നു. അപ്പോൾ അവയെ ചായകഴിക്കുംപോലെ എടുത്തുകുടിച്ചു കൊള്ളുവാൻ അടുത്തുതന്നെ ഇരുന്നിരുന്ന മേനോൻ ഉപദേശിച്ചു. ആദ്യത്തെ കിണ്ണ

ത്തിൽ ഉണ്ടായിരുന്ന ആ വെളുത്ത സാധനത്തെ മദാമ്മ കയ്യിലെടുത്തു പിടിച്ചു. തന്റെ മുമ്പിൽ ഉണ്ടായിരുന്ന വെളുത്ത സാധനത്തെ സായ്പും കയ്യിലെടുത്തു. രണ്ടാളും ഓരോ ഇറക്കുകുടിച്ചു. മദാമ്മ ഒരു ഇറക്ക് കഴിച്ചതോടു കൂടി (ഭേഷ്) എന്നു പറഞ്ഞു. ഇംഗ്ലീഷു സമ്പ്രദായ പ്രകാരം ദൊരയും (ഭേഷ്) എന്നു പറഞ്ഞു ചുളുങ്ങിയ മുഖത്തോടുകൂടി. പിന്നീടൊട്ടു കുടിച്ചതുമില്ല. മദാമ്മയുടെ മുഖം പ്രസന്നതകൊണ്ടു വിളങ്ങി. ദൊര പിന്നെ തൊട്ടു നോക്കിയതുമില്ല. ഇതിൽ എന്തോ തകരാരുണ്ടെന്നു ഊഹിച്ചു മേനൊൻ സായ്പിന്റെ കിണ്ണത്തിലേക്കു ഒന്നു എത്തിനോക്കി. അതു പുളിച്ചകാളനായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഉടനെ ദൊരയോടു സംഗതിപറഞ്ഞു എല്ലാവരും ഒരുവട്ടം ചിരിച്ചു.

## 17. ഉദ്യോഗവിരുന്ന്

ഉപായശമ്പളക്കാരനായ ഒരാൾ തന്റെ ദാരിദ്ര്യാതിരേകം നിമിത്തം വല്ലതും ചിലപ്പോൾ ഒരു കക്ഷിയോടു വാങ്ങി നാളെച്ചെയ്യേണ്ടതു ഇന്നു തന്നെ സാധിപ്പിച്ചു കൊടുത്താൽ ആയതു കയ്ക്കൂലി. വലിയ വലിയ കൂട്ടർ ആയിരക്കണക്കായി വാങ്ങിയാൽ അതു മാമൂൽ അല്ലെങ്കിൽ രാജഭോഗം. ഇതാണ് അന്നും ഇന്നും സമ്പ്രദായം. കാളിദാസന്റെ കാലത്തുകൂടി ഈ സമ്പ്രദായം നടപ്പുണ്ടായിരുന്നു എന്നു ശാകുന്തളത്തിലെ മുക്കുവന്റെ രംഗം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ?

ഒരു ദിവസത്തെ ഉദ്യോഗവിരുന്നിന്നു മേനൊൻ പങ്കുകൊണ്ടിരുന്നു. ഊൺ കഴിച്ചുകൊണ്ടിരിക്കുമ്പോൾ

സക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അക്കാലങ്ങളിൽ സാധാരണയായി നടപ്പുണ്ടായിരുന്ന കയ്ക്കൂലി സമ്പ്രദായത്തെപ്പററി ആരൊ ഒരാൾ എടുത്തു വിളമ്പി. അപ്പോൾ സദസ്യരിൽ ഒരാൾ 'ചക്കര തൊട്ടകയ്യ് നക്കാതിരിക്കയില്ല' എന്നു പറഞ്ഞു. ഉടനെ ഉണ്ണുവാൻ ഭാവിച്ചു ചോറു ഉരുളയാക്കി കയ്യിലെടുത്തിരുന്ന ചന്തുമേനോൻ, കയ്യിലിരുന്ന ഉരുളയെ ഇലയിൽതന്നെ ഇട്ട്, നിവന്നിരുന്ന് "ഉണ്ട്! ഞാനുണ്ട്! ഒയ്യാരത്തു ചന്തു" എന്നു വെല്ലുവിളിച്ചു. മേനോൻെറ സത്യസന്ധത തെളിയിപ്പാൻ വേറെ എന്തുവേണം.

പലവക

ഇനി മേനോൻെറ സ്വഭാവഗുണങ്ങളെ നമുക്കു സ്വല്പം വീക്ഷിക്കുക. ഇന്ദുലെഖയിൽ 12-ാം അദ്ധ്യായത്തിൽ ഇന്ദുലെഖയും സൂരിനമ്പൂതിരിപ്പാട്ടുമായുള്ള സംഭാഷണത്തിൽ കഥകളി സംബന്ധിച്ചു ഇന്ദുലേഖക്ക് ഇനി ദിവസംപ്രതി കളികാണാം. എനിക്കു നല്ല ഭ്രാന്താണ്. ഇസ്സ്ഥിമിക്കവാറും ദിവസങ്ങളിൽ മനയ്ക്കൽ കളി ഉണ്ടാവാറുണ്ട്" എന്നും, ഏഴാം അദ്ധ്യായത്തിൽ "നമ്പൂതിരിപ്പാട്ടിലെക്കൊണ്ട് പിന്നെ ഒന്നു പറയാനുള്ളതു അദ്ദേഹം ഒരു കളിഭ്രാന്തനാണെന്നു കൂടിയാണ്. കഥകളി വലിയ ഇഷ്ടമാണ്. സംവത്സരത്തിൽ മുന്നൂററിഅറുപത്തഞ്ചു ദിവസവും പിന്നെ ഒരു ദിവസമുണ്ടെങ്കിൽ അന്നും കഥകളി ഉണ്ടായാൽ തൃപ്തിയില്ല" എന്നും പറഞ്ഞിരിക്കുന്നതു് നമ്മുടെ കഥാനായകൻെറ സ്വന്തം സ്വഭാവത്തെ വെളിപ്പെടുത്തുകയല്ലെ എന്നാണ് എൻെറ ചോദ്യം. പക്ഷെ

പുലരുന്നതുവരെ കളി ഉണ്ടാവില്ല. പിറെറദിവസം പകൽ സമയം പ്രവൃത്തിഎടുക്കണ്ടേ. അതിനാൽ പൂതനാമോക്ഷത്തിൽ ലളിത, ബകവധത്തിൽ ആശാരി, ലവണാസുരവധത്തിൽ രജകൻെറ രംഗം, രാജസൂയത്തിൽ ശിശുപാലവധം, പ്രത്യേകിച്ചും കാലകേയവധത്തിലെ ഉൎവ്വശീശാപം ഇങ്ങനെ ചില ചില്ലറ കഥകളായിരിക്കും പ്രായേണ ഉണ്ടാവുക. എട്ടുമണിക്കു തുടങ്ങി പതിനൊന്നരക്കു കൃത്യം അവസാനിപ്പാൻ തക്കവണ്ണം മേളപ്പദം, തോടയം മഞ്ജുതര മുതലായ ചടങ്ങുകൾ വളരെ വിസ്തരിക്കാതെ കണ്ടു്.

ചന്തുമേനോന്നു് കഥകളിയിൽ മാത്രമല്ല, സംഗീതത്തിലും മേളപ്രയോഗത്തിലും ഫിഡിൽവായനയിലും മോഹിനിയാട്ടത്തിലും മററും ഉണ്ടായിരുന്ന നിപുണതയ്ക്കു് കയ്യും കണക്കുമില്ല. ഇതൊക്കെയായാലും തൻെറ ജോലിയിൽ അണുപോലും വീഴ്ച കാണുകയില്ല.

പിന്നെ വേണമെങ്കിൽ ഒന്നു പറയാനുള്ളതു് അദ്ദേഹം ഒരു മുൻകോപിയായിരുന്നു എന്നുള്ളതാണു്. കോപം വന്നാൽ ആരായാലും വേണ്ടില. ശരവൎഷം അവരെ പുഷ്പവൎഷം ചെയ്യാം. അതു തീൎന്നാൽ തനിത്തങ്കം തന്നെ. ഗൎവ്വമെന്നുള്ളതു അദ്ദേഹത്തെ തീണ്ടിയിട്ടുപോലുമുണ്ടായിരുന്നില്ല.

(കഥകളിപ്രസ്ഥാനത്തിലേക്കു കോട്ടയം തമ്പുരാനെയും കിളിപ്പാട്ടിന്നു തുഞ്ചത്തു ഗുരുപാദരെയും തുള്ളലിന്നു കുഞ്ചൻനമ്പ്യാരെയും ഐതിഹ്യമാലക്കു കൊട്ടാരത്തിൽ

ശങ്കുണ്ണിയെയും മാൎഗ്ഗദർശികളായി കരുതുന്നപോലെയാണ് നോവൽ പ്രസ്ഥാനത്തിന്നു നമ്മുടെ മേനൊൻ. ഇന്ദുലേഖക്കു ശേഷം മലയാളത്തിൽ പല നൊവലുകൾ ജാതമായിട്ടുണ്ടെങ്കിലും ഇന്ദുലേഖയോടും ശാരദയോടും കിടപിടിക്കുവാൻ 'വിരുതൻശങ്കു'വിനെപ്പോലെ ഒന്നോരണ്ടോ അല്ലാതെ ഇതരഗ്രന്ഥങ്ങൾ ഉണ്ടായിട്ടില്ലെന്നുള്ളതു് പരസ്യമായ രഹസ്യമാണു്. ശാരദ ഇന്നും പതിനൊന്നു വയസ്സിൽ പതിനൊന്നു അദ്ധ്യായത്തിൽ ഇരിക്കുന്നതു് ഇതിന്നൊരു തെളിവുമാണല്ലൊ. ഇന്നും അപൂൎണ്ണമായി ഇരിക്കുന്ന ശാരദയെ പൂൎത്തിചെയ്വാൻ ഇനിയൊരു ചന്തുമേനോൻ തന്നെ ജനിക്കണം എന്നു കേരളവൎമ്മ ദേവൻ പറഞ്ഞതു എത്ര യഥാൎത്ഥമായിരിക്കുന്നു. ഇനി ഒരു ചന്തുമേനോൻ വേഗം ജാതനാവാൻ നാം കൈരളിയെ പ്രാൎത്ഥിക്കുക. ശാരദയെ പൂൎത്തിയാക്കുവാൻ രണ്ടു മഹാന്മാർ കൈവെച്ചിട്ടുള്ള കഥയും ഇവിടെ പ്രസ്താവ്യമാണു്. ശ്രീമാന്മാർ അന്തപ്പായിയും ഗോപാലപ്പിള്ളയും. അന്തപ്പായിയുടെ രണ്ടാം ഭാഗം അന്തമില്ലാതെ പൊയി. പിള്ളയുടെ നാടകം പക്ഷെ കഥാഭാഗം ഒരു വിധം പൂൎത്തിയാക്കീട്ടുണ്ടെങ്കിലും ഭാഷ തെക്കനായിപ്പോയി. നോവൽ രീതിയിൽ അദ്ദേഹം എഴുതിയതു് അതിലും മോശമായി. കാരണം കാൎയ്യമായ കഥാപാത്രത്തെ കൊന്നുകളഞ്ഞ പാപം തീരാൻ ഗംഗാസ്നാനം ആജീവനാന്തം ചെയ്താലും തീരുന്നതല്ല തീൎച്ച. ഒക്കെയും പട്ടന്ത്രലൊട്ടു ഏച്ചുകെട്ടേണ്ട എന്ന പ്രമാണാനുസരണം ഒന്നിന്നും കൊള്ളാതെയായി. പിന്നെയും ഭേദമായിരുന്നു മൂക്കോത്തു കുമാരൻെറ ശാരദക്കു ൨-ാം ഭാഗം എന്നു കേട്ടിട്ടുണ്ടു്. കേരളവൎമ്മതമ്പുരാൻെറ ആജ്ഞാനുസരണമാണു ആ ഗ്രന്ഥം സൂൿഷ്മപ്രകാശം

കാണ്മാൻ ഇടവരാത്തതു് എന്നു സംഗതിവശാൽ കുമാരൻ എന്നോട്ട പറകയുണ്ടായി.

### ജീവചരിത്രസംഗ്രഹം

ഈ ശ്രീമാന്റെ ഒരു ചുരുങ്ങിയ ജീവചരിത്രം ഈ ഗ്രന്ഥത്തിന്നു ഒരു അലങ്കാരമായി ഇരിക്കുമെന്നു വിചാരിക്കുന്നു.

ശ്രീമാൻ ചന്തുമേനോൻ വടക്കെ മലയാളത്തിൽ കുറുമ്പ്രനാട്ടതാലൂക്കിൽ നടുവണ്ണൂരിൽ കുളങ്ങരക്കണ്ടിമഠം എന്ന ഭവനത്തിൽ 1022 ധനു 22-ാം നു- ജാതനായി. പിതാവു എടപ്പാട്ട ചന്തുനായരും അമ്മ ചിറെറഴത്തു പാൎവ്വതിഅമ്മയും ആയിരുന്നു. അവരുടെ എളയമകനായിരുന്നു നമ്മുടെ കഥാനായകൻ. പിതാവു കോട്ടയം താസിൽദാരായി ഇരുന്നപ്പോൾ തലശ്ശേരിയിലുള്ള അദ്ദേഹത്തിന്റെ അച്ഛൻ നിൎമ്മിച്ചിരുന്ന ഒയ്യാരത്തു വീട്ടിലായിരുന്നു താമസിച്ചിരുന്നതു്. അതുവഴിക്കാണു് ഒയ്യാരത്തു ചന്തുമേനൊൻ എന്നപേർ സിദ്ധിച്ചതു്.

അക്കാലത്തെ സൎക്കാരുദ്യോഗത്തിന്നു ഇന്നത്തെപ്പോലെ ബി. എ. യും എൽ. എൽ. ബിയും പോരെങ്കിൽ സൎവ്വീസകമ്മീഷന്നും ഒന്നും ആവശ്യമായിരുന്നില്ല. മട്രിക്കലേഷൻ പരീക്ഷക്കു പഠിക്കുന്ന കാലത്താണു ഒരു ഗുമസ്ഥൻ പണിഒഴിവിലേക്കു മേനൊൻ അപേക്ഷാഹരജി അയച്ചതും മദ്രാസ്സ്സ്മാൾകാസ് കോടതിയിൽ അദ്ദേഹത്തെ ഒരു ഗുമസ്ഥനായി നിശ്ചയിച്ചു ഉത്തരവു വന്നതും. ആ ഉദ്യോഗനിയമനം ചെയ്തതു് സ്മാൾകാസ് ജഡ്ജിയായിരുന്ന ഷാർപ്പുസായ്പായിരുന്നു. ദൊരക്കു് കോഴിക്കോട്ട ജില്ലാജഡ്ജിയായി മാററമായപ്പൊൾ മേനോനെ കോഴി

ക്കോട്ട സിവിൽകോടതിയിൽ ഒന്നാം ഗുമസ്ഥനായി നിയമിക്കപ്പെട്ടു. പിന്നീട് അവിടെ സ്ഥിരപ്പെടുത്തി. അതിൽ പ്പിന്നെ പട്ടാമ്പിയിൽ ആക്ടിങ്ങ് മൻസിപ്പായി നിയമിക്കപ്പെട്ടു. ആ കോടതി എടുത്തുപോയിരിക്കുന്നു. പിന്നീടു പട്ടാമ്പിയിൽ 1920 ലൊ മറെറാ ഒരു കോടതിവന്നു. അതും അസ്തമിതമായി. മഞ്ചേരിയിലും ഒററപ്പാലത്തുംപാലക്കാട്ടും പരപ്പനങ്ങാടിയിലും മൻസിഫായിരുന്നകാലത്തെ കഥകഠം ഈ ഗ്രന്ഥാരംഭത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ? 1892ൽ തിരുനൽവെലിയിൽ ആക്ടിങ്ങ് സബ്ബജഡ്ജിയായി നിയമിക്കപ്പെട്ടു. അവിടന്നു മംഗലാപുരത്തേക്കു മാററമായി. അക്കാലത്താണു കേരളവമ്മന്റെ മയൂരസന്ദേശത്തിന്നു ഒരു മുഖവുര എഴുതിയതും ബാസൽമിഷ്യൻ അച്ചുക്കൂടത്തിൽ ഒന്നാന്തരം ടൈപ്പിൽ നാന്നൂറുകോപ്പികഠം അച്ചടിപ്പിച്ചു തന്റെ സാഹിത്യപ്രേമികഠംക്കു വിതരണം ചെയ്തതും. 1893 ൽ ഉദ്യോഗംസ്ഥിരപ്പെട്ടു. 1897 ൽ കോഴിക്കോട്ട സബ്ബജഡ്ജിയായി 1898 ൽ റാവുബഹദൂർ സ്ഥാനവും. പിന്നീട് അദ്ദേഹം സവ്വകലാശാല നിയമ പരീക്ഷകനായും നിയമിക്കപ്പെട്ടു.

1872 ലാണു മേനോന്റെ വിവാഹം. കാഞ്ഞോളി മഠത്തിൽ ലക്ഷ്മിഅമ്മ ആയിരുന്നു അദ്ദേഹത്തിന്റെ സഹധമ്മണി. ആ സതീരത്നമായി നേരിൽ കണ്ടു സംസാരിപ്പാനുള്ള ഭാഗ്യം ഈ ഗ്രന്ഥകത്താവിന്നു ലഭിച്ചിട്ടുണ്ടെന്നു അഭിമാനപൂവ്വം പറഞ്ഞുകൊള്ളട്ടെ. സുമാറ് ഒരു മണിക്കൂറുനേരം ഞങ്ങഠം തമ്മിലുള്ള സംഭാഷണം

നീണ്ടുനിന്നു. അതിൽ പിന്നീടും ഒരു ദിവസം ചെന്ന പ്പോൾ എനിക്കു ഏറ്റവും ഇഷ്ടമായിരുന്ന ഇന്ദുലേഖയിലെ ചില ഭാഗങ്ങൾ കാണാപ്പാഠം ചൊല്ലി ഇന്ദുലേഖയായും സൂരിനമ്പൂതിരിപ്പാടായും ഞാൻ മാറി മാറി അഭിനയിച്ച പ്പോൾ ആ മഹതി വളരെ സന്തോഷിച്ചു ഒരു ഇന്ദുലേഖാ പുസ്തകം എനിക്കു സമ്മാനിച്ചു. ആയതു സുവർണ്ണരേഖ പോലെ ഞാൻ ഇന്നും സൂക്ഷിച്ചുവരുന്നുണ്ടു. അവരുടെ സന്തതികളായ ചന്തുമേനോനെയും മാധവമേനോനെയും ഞാൻ അറിയും. മകൻ ചന്തുമേനോന്റെ കാലം കഴിഞ്ഞുപോയി. മാധവമേനോൻ ഇപ്പോൾ വക്കീൽ പണിനിർത്തിവെച്ചു ലാഭമുള്ള ഒരു മരക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ഇയ്യിടെ എന്നോടു പറകയു ണ്ടായി.

**ചരമദിനം**

1899 സപ്തമ്പ്ര 7നു- കേരളത്തിനു പ്രത്യേകിച്ചും ഒരു ദുർദ്ദിവസമായിരുന്നു. പതിവുപോലെ കോടതിയിലെ അന്നത്തെ കേസ്സുകളെല്ലാം കഴിഞ്ഞു. അസാരം നേരത്തെ യായിരുന്നു അന്നു കോടതി പിരിഞ്ഞതു്. വക്കീൽമാരിൽ ചിലർ പിന്നെയും ബാറിൽ ഇരുന്നു സൊള്ള ൻ തുടങ്ങി.

"എന്റെ പ്രവൃത്തി എല്ലാംതീർന്നു. ഞാൻ പോവാൻ ഭാവിക്കയാണു്. നിങ്ങളെന്താ ഇനിയും താമസിക്കുന്നതു്" എന്നു വക്കീൽമാരോടു നേരം പോക്കായി ചോദിച്ചു. അപ്പോഴ് ഒരു സരസൻ വക്കീൽ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. 'As they have no issues (രണ്ടാളെ ചൂണ്ടിക്കാണിച്ചു്) they want to frame issues in a case posted for tomorrow"

ആ രണ്ടും ബ്രാഹ്മണർ വക്കീൽമാരായിരുന്നു. പേരും പെരുമയും എടുത്തവരും നല്ലോണം സമ്പാദ്യം ഉണ്ടായിരുന്നവരും. ഈ സംഗതികൾ മൂക്കോത്തു കുമാരൻെറ പുസ്തകത്തിൽ കാണുന്നില്ല. ഞാൻ അറിഞ്ഞതു് കോഴിക്കോട്ടുള്ള ചില പഴയ വക്കീൽമാർ പറഞ്ഞറിഞ്ഞതാണു്. പക്ഷെ സന്താനലബ്ധി പ്രായാധിക്യമായും വരാത്തവരായിരുന്നു. "Issues" എന്നു പറഞ്ഞാൽ സാധാരണ ഭാഷയിൽ സന്താനമെന്നും കോടതിഭാഷയിൽ 'വാദമുഖങ്ങൾ' എന്നുമാണല്ലൊ അൎത്ഥം. ഈ ഫലിതം കേട്ടു തല കുലുക്കി ചിരിച്ചുംകൊണ്ടു മേനോൻ എണീററുപോയി. പതിവിന്നു മുമ്പെ വീട്ടിൽ എത്തി. തത്സമയം ഭാൎയ്യ കുളിക്കാൻ പോയിരുന്നു. അങ്ങനെ കസേരയിൽ ചെന്നു വിശ്രമിക്കുമ്പോൾ കോഴിക്കോട്ടു ഒരു നല്ല അഡ്വൊക്കേററായിരുന്ന വള്ളിയിൽ കണ്ണൻനായര എന്തോ കാൎയ്യവശാൽ വന്നിരുന്നു അദ്ദേഹം പോയശേഷം എന്തൊ ഒരു പുസ്തകമെടുക്കണമെന്നു ഉദ്ദേശിച്ചു മേനോൻ ഗൃഹാന്തർഭാഗത്തെയ്ക്കു പ്രവേശിയ്ക്കുമ്പോൾ വീഴാൻ ഭാവിക്കുന്നതു് ഭൃത്യൻ കണ്ടു. ഉടനെ മേനോനെ താങ്ങിപ്പിടിപ്പാൻ ചെന്നു. സ്വതവേയുള്ള ഗാംഭീര്യത്തിൽ അവനെ 'ഫൊ' എന്നൊരു ആട്ടും കൊടുത്തു. അടുത്തുള്ള കട്ടിലിൽചെന്നു കിടന്നു 'നാരായണ' എന്നു ഉച്ചരിച്ചു. അതു കിടക്കുമ്പോൾ സാധാരണ ഉള്ള സ്മരണയായതുകൊണ്ടു് ആരും അതു ശ്രദ്ധിച്ചില്ല. ഭാൎയ്യ വന്നു നോക്കിയപ്പോൾ ഉറങ്ങുന്നതുപോലെ തോന്നിയതിനാൽ ആരും ഉണൎത്താൻ ശ്രമി

ച്ചതുമില്ല. കുറച്ചു കഴിഞ്ഞപ്പോഴാണു് സംശയം തോന്നി വിളിച്ചുനോക്കിയതു്. അതൊരു ദീർഘനിദ്രയായി മാറിപ്പോയിരുന്നു.

* * * *

നമ്മുടെ കഥാപുരുഷൻ അന്നു വൈകുന്നേരം ബാറിൽനിന്നു പറഞ്ഞ വാക്കുകൾ 'അറ'മായിത്തീരുമെന്നു ആരറിഞ്ഞു. ഈശ്വരകല്പിതം. തന്നിമിത്തം ശാരദ പൂർണ്ണവയസ്സിൽ പ്രവേശിക്കാത്തതു് നമ്മുടെ കാലദോഷം.

ശുഭം.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M08 Acc. No. 6065

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M08
ANA-0

6065

അനന്തസുബ്രഹ്മണ്യം
ടി. ലെസ്
ഒ. ചന്തുമേനോൻ

**KOTTAYAM PUBLIC LIBRARY**

Call No. M08 Acc.No. 6065

Author [illegible]

Title [illegible]